ക്കുകയാണ്. വരുമാനത്തിൽ കുറവും, ചെലവുകൾ ഒന്നും കുറയ്ക്കാൻ സാധിക്കാതെയുമിരിക്കുകയാണ്. അതുകൊണ്ട് ലോക ബാങ്കിന്റെയും മറ്റും സഹായത്തോടുകൂടി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പ്രദേശങ്ങളിൽ ഇതിനുവേണ്ടിയുള്ള പ്രവർത്തനം നടത്തുന്നുണ്ട്. മലബാറിൽ വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിനുവേണ്ടി ലോവർ പെരിയാറിൽനിന്നും ഒരു 220 കെ.വി ലൈൻ കൂടി അഡീഷണലായി കണ്ണൂരിലേക്ക് വലിക്കാനും, മണ്ണാട്ടുപറമ്പിൽ 220 കെ.വി. സബ് സ്റ്റേഷൻ ഉണ്ടാക്കുവാനും മലബാറിൽ ധാരാളം സബ് സ്റ്റേഷനുകൾ ഉണ്ടാക്കാനുമുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. മലബാറിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണം എന്നു പറഞ്ഞാൽ എങ്ങനെ പരിഹരിക്കുമെന്ന് പറയാതെ മാർഗ്ഗമില്ല. ഇവിടെ പറഞ്ഞ കാര്യങ്ങൾ ഒക്കെ പരിശോധിക്കാം. ഈ പ്രമേയത്തിന്റെ കാര്യത്തിൽ പണത്തിന്റെ ലഭ്യതയനുസരിച്ച് ചെയ്യാവുന്നതൊക്കെ ചെയ്യാം. പിന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുണ്ട്. ഇന്ത്യയിലാകെ മഴ കുറഞ്ഞിരിക്കുന്നു. മഴ ഇല്ല എന്ന കാരണംകൊണ്ട് നമ്മൾ പവ്വർ കട്ടിലാണ്. എങ്കിലും പവ്വർ കട്ടിൽ അയവ് വരുത്താൻ ചെയ്യാവുന്നതൊക്കെ ഗവൺമെന്റ് ചെയ്യാം. സംസ്ഥാനത്ത് നിലവിലിരിക്കുന്ന ഡൊമസ്റ്റിക് കൺസ്യൂമേഴ്സിന് ഉള്ള, അതായത് ഈ 4 മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് നാളെ മുതൽ എടുത്തുകളയാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ലോഡ് ഷെഡ്ഡിംഗ് ആദ്യമായി അവസാനിപ്പിക്കാം.

ശ്രീ. ലോനപ്പൻ നമ്പാടൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് തള്ളി.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## (2) മാവൂർ റയോൺസ് ഫാക്ടറി സമരം

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, ഞാനെന്റെ പ്രമേയം അവതരിപ്പിക്കുകയാണ്.

''ആറായിരത്തോളം തൊഴിലാളികളും നേരിട്ടും ആയിരക്കണക്കിന് തൊഴിലാളികളും അനുബന്ധമായും ജോലി ചെയ്തുകൊണ്ടിരിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനമായ മാവൂർ റയോൺസ് ഫാക്ടറി ഒരു വർഷത്തിലേറെക്കാലമായി പൂട്ടിക്കിടക്കുന്നതിൽ ഈ സഭയ്ക്കുള്ള അത്യഗാധമായ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും, പ്രസ്തുത ഫാക്ടറി ഇനിയും തുറന്നു പ്രവർത്തിക്കാൻ മാനേജ്മെന്റ് തയ്യാറാകാത്ത സാഹചര്യത്തിൽ അത് ഗവൺമെന്റ് ഏറ്റെടുത്ത് തുറന്നു പ്രവർത്തിപ്പിക്കുകയും ചെയ്യണമെന്ന് ഈ സഭ ഗവൺമെൻറിനോട് ആവശ്യപ്പെടുന്നു.''

സർ, കേരളത്തിലെ വലിയ വ്യവസായസ്ഥാപനങ്ങളിൽ ഒന്നായ മാവൂർ റയോൺസ് ഫാക്ടറി കഴിഞ്ഞ ഒരു വർഷമായി പൂട്ടിക്കിടക്കുകയാണ്. നാലായിരത്തി അഞ്ഞൂറോളം തൊഴിലാളികൾക്ക് നേരിട്ടും പതിനായിരത്തോളം തൊഴിലാളികൾക്ക് പരോക്ഷമായിട്ടും ജോലി കൊടുക്കുന്ന ഒരു സ്ഥാപനമാണിത്. ഈ തൊഴിലാളികളെ ആശ്രയിച്ചു കഴിയുന്ന ലക്ഷക്കണക്കിന് ആളുകൾ, ഒരു വർഷക്കാലമായി തീരാത്ത ദുരിതത്തിലും പട്ടിണിയിലും പ്രയാസത്തിലുമാണ്. ഇപ്പോഴും ഇതിന്

LIBRARY ARCHIVES Kerala Legislative Assembly

ഒരു പരിഹാരമുണ്ടാക്കാതെ ഇത് തുടർന്ന് കൊണ്ടിരിക്കുകയാണ്. കോഴിക്കോട് കൂലംകുത്തിയൊഴുകുന്ന ചാലിയാറിന്റെ തീരത്ത് ഇത്തരമൊരു വ്യവസായസ്ഥാപനം ആരംഭിക്കാൻ ബിർളയെ പ്രേരിപ്പിച്ചത്, ആ പ്രദേശത്തെ നിഷ്കളങ്കരായ ജനങ്ങളും മലയോരങ്ങളിൽനിന്ന് സമൃദ്ധമായി കിട്ടുന്ന മുളയും കുറഞ്ഞ നിരക്കിൽ നമ്മുടെ സംസ്ഥാനത്ത് കിട്ടുന്ന വിദ്യുച്ഛക്തിയും ചാലിയാറിലെ ജലവുമെല്ലാമാണ്. ഇതെല്ലാം പ്രയോജനപ്പെടുത്തി കോടിക്കണക്കിന് രൂപ സ്വരൂപിക്കുകയെന്ന മോഹമായിരുന്നു ഇത്തരമൊരു വ്യവസായ സ്ഥാപനം അവിടെ സ്ഥാപിക്കാൻ ഇടയാക്കിയത്. കഴിഞ്ഞകാലങ്ങളിൽ അവിടെ വ്യവസായം നടത്തി അംഗീകരിച്ച ബാലൻസ് ഷീറ്റിൽതന്നെ ഓരോ വർഷവും കോടിക്കണക്കിന് രൂപയുടെ ആദായമുണ്ടെന്നേ രേഖപ്പെടുത്തിയിട്ടുണ്ട്. 1980 വരെയുള്ള വർഷങ്ങളിൽ അറുപതുകോടിയിൽപ്പരം രൂപ എല്ലാ ചെലവുകളും കഴിച്ച് ലാഭമായി മാവൂരിൽനിന്ന് ബിർള കൊത്തിയതായി രേഖകൾതന്നെ പറയുന്നുണ്ട്. അങ്ങനെ വളരെയേറെ ആദായകരമായി നടത്തിക്കൊണ്ടുവന്ന ഒരു സ്ഥാപനമാണിത്. ആദ്യം അവിടെ പതിമൂന്നുകോടി രൂപയും പിന്നെ അനുബന്ധമായി ഏഴുകോടി രൂപയും അങ്ങനെമൊത്തം ഇരുപതുകോടി രൂപ മുതൽ മുടക്കിയിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ കോടിക്കണക്കിന് രൂപയുടെ ആദായമുണ്ടാക്കിയതിനു ശേഷം ഇന്നിപ്പോൾ നൂറുകോടി രൂപയിലധികം ആസ്തിതിപ്പം അവിടെയുണ്ട്.

സർ, കഴിഞ്ഞ ഏതാനും വർഷങ്ങളായി ഈ സ്ഥാപനം നഷ്ടത്തിൽ ആണ് നടക്കുന്നതെന്ന് വരുത്തിത്തീർക്കുവാൻ വേണ്ടിയുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. 1982 മുതൽ ഈ നഷ്ടത്തിന്റെ കഥ മാനേജ്മെന്റ് പറഞ്ഞു തുടങ്ങിയിട്ടുണ്ട്. ഇങ്ങനെ നഷ്ടത്തിന്റെ കഥപറയാൻ തുടങ്ങിയതുതന്നെ തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ യഥാസമയങ്ങളിൽ നൽകാതിരിക്കാൻ വേണ്ടിയാണ്. ദീർഘകാല കരാറിന്റെ കാലാവധി കഴിഞ്ഞിട്ടുതന്നെ വർഷങ്ങളായി. ആ കരാർ പുതുക്കി നഷ്ടത്തിലാക്കാതെയിരിക്കാൻവേണ്ടി, ബോണസ് നൽകാതിരിക്കാൻവേണ്ടിയൊക്കെയാണ് ഇങ്ങനെ നഷ്ടത്തിന്റെ കഥകളുമായി ഈ മാനേജ്മെന്റ് രംഗത്ത് വന്നത്. മാനേജ്മെന്റിന്റെ ഇത്തരം നടപടികളും, ജനങ്ങളെയും തൊഴിലാളികളെയും ഒട്ടാകെ തെറ്റിദ്ധരിപ്പിക്കുന്ന നടപടികളും ശരിയല്ലെന്ന് തൊഴിലാളി സംഘടനകളും എല്ലാനിലയിലും മാനേജ്മെന്റിനെ ബോദ്ധ്യപ്പെടുത്താൻ പരിശ്രമിച്ചിട്ടുണ്ട്. ഒരു സമരം ഒഴിവാക്കാനും രമ്യമായി യോജിപ്പോടുകൂടി പ്രശ്നങ്ങളും പരിഹരിച്ച് പോകാനും നടത്തിയ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ട ഒരു സാഹചര്യത്തിലാണ് അവിടെ തൊഴിലാളികളും സമരത്തിലേക്ക് വലിച്ചിഴയ്ക്കപ്പെട്ടത്. അങ്ങനെ 1982 മുതൽ 1985 വരെയുള്ള മൂന്നു വർഷങ്ങളിൽ കാലാവധി കഴിഞ്ഞ കരാർ പുതുക്കി നിശ്ചയിക്കുന്നതിനും ബോണസ്സിനെക്കുറിച്ച് തീരുമാനിക്കുന്നതിനും വേണ്ടി എല്ലാ ശ്രമങ്ങളും നടത്തിയിട്ടും പരാജയപ്പെട്ടു. ആ പരാജയത്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയൊരുസമരം അവിടെ വേണ്ടിവന്നു. അവർ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ ആവശ്യങ്ങളും ഞാൻ പറയുന്നില്ല. പ്രധാനപ്പെട്ട ആവശ്യങ്ങൾ 1982 മുതൽ 1985 വരെയുള്ള സാമ്പത്തിക വർഷത്തെ ബോണസ്സിനെക്കുറിച്ച് ഒരു തീർപ്പുണ്ടാക്കിത്തരണമെന്നായിരുന്നു. ഇപ്പോൾ 1986 ആയി. ഒരു വർഷം പിന്നിട്ടതിനുശേഷവും അത് തുടരുന്നു. എന്നാൽ ബോണസ്സിനെക്കുറിച്ച് ഒരു തീരുമാനവും ഉണ്ടായിട്ടില്ല. നാലു വർഷങ്ങൾക്കുമുമ്പ് കാലാവധി കഴിഞ്ഞ ദീർഘകാലകരാർ പുതുക്കി നിശ്ചയിക്കണം. ഇതാണ് അവർ 1982-നു മുമ്പേ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതുവരെ ഒരു തീരുമാനവുമുണ്ടായിട്ടില്ല. മാസത്തിൽ ഒരാഴ്ചയും രണ്ടാഴ്ചയും മാത്രം പണികിട്ടുന്ന റിസർവ്വ് തൊഴിലാളികളെ ഒഴിവുകൾ വരുന്നമുറയ്ക്ക് നിയമിച്ച് സ്ഥിരപ്പെടുത്താൻ നടപടിയെടുക്കണം. ഇത്തരം കാര്യങ്ങളാണ് ആവശ്യപ്പെട്ടത്. ഇതുവരെ അവയൊന്നും അംഗീകരിച്ചില്ല. അംഗീകരിക്കാതെ വന്ന സാഹചര്യത്തിൽ അവർ നോട്ടീസ് കൊടുത്തു. അതിനെക്കുറിച്ച് യാതൊരു പ്രതികരണവുമില്ല. ഈ സമരമിപ്പോൾ ഒരുവർഷം പിന്നിട്ട് മുന്നോട്ടുപോവുകയാണ്. ഇത്രയേറെ തൊഴിലാളികളെയും, ആ പ്രസ്ഥാനത്തെയും, ജനങ്ങളെയും ബാധിക്കുന്ന, വിശേഷിച്ച് കോഴിക്കോട്, മലപ്പുറം ജില്ലകളിലെ എല്ലാ സാമ്പത്തിക മേഖലയെയും സ്തംഭിപ്പിക്കുന്ന രീതിയിൽ മുന്നോട്ടുപോകുന്ന ഈ സമരം തീർക്കുന്നതിനോ പരിഹാരമുണ്ടാക്കുന്നതിനോ എന്തെങ്കിലും നടപടികൾ കഴിഞ്ഞ കാലങ്ങളിൽ നടപ്പാക്കിയിട്ടില്ല. കേരള ഗവൺമെന്റ് ഇത്തരമൊരു സാഹചര്യത്തിൽ ലക്ഷോപലക്ഷം ജനങ്ങളെയും തൊഴിലാളികളെയും ബാധിച്ചിരിക്കുന്ന ഈ പ്രശ്നത്തിൽ വളരെ അക്ഷന്തവ്യമായ കുറ്റമാണ് തുടർന്നുകൊണ്ടിരിക്കുന്നത്. ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്യുന്ന തൊഴിലാളികളെ സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. എന്നാൽ ഗവൺമെന്റ് ഇതുവരെ എന്താണ് ചെയ്തത്? മാവൂരിലെ പ്രശ്നം ഒത്തുതീർപ്പിലെത്തിച്ച് കമ്പനി തുറന്നുപ്രവർത്തിപ്പിക്കാൻ നടപടികൾ എടുക്കേണ്ട ഒരു ഗവൺമെന്റ് സത്യത്തിൽ അവിടെ ചെയ്തത് സാബുവിന്റെയും ബിർളയുടെയും ദാസ്യവേലചെയ്യുന്ന പണിയായിരുന്നു. അതാണ് ഈ കഴിഞ്ഞകാലങ്ങളിൽ അവിടെ നടന്നത്. കൂടിയാലോചനകൾ നടത്തി അതിന് പരിഹാരമുണ്ടാക്കുന്നതിനുപകരം തൊഴിലാളി സംഘടനകളെയും തൊഴിലാളി പ്രസ്ഥാനത്തെയും സമരത്തിൽ ഏർപ്പെട്ട തൊഴിലാളികളെയും അടിച്ചമർത്തി സമരം അവസാനിപ്പിക്കാമെന്നുള്ള ധാരണയോടുകൂടി പ്രവർത്തിക്കുന്ന ബിർളയ്ക്ക് അനുകൂലമായി പോലീസിനെയും മറ്റു ഗുണ്ടകളെയും ഉപയോഗിച്ച് അടിച്ചമർത്തി ദാസ്യവേല ചെയ്യുന്ന പണിയാണ് അവിടെ കാണുന്നത്. കക്ഷി രാഷ്ട്രീയത്തിനും മറ്റു താൽപ്പര്യങ്ങൾക്കുമതീതമായി കോൺഗ്രസ്സ് (ഐ) യുടെയും മുസ്ലീം ലീഗിന്റെയും മറ്റെല്ലാ സംഘടനകളുടേയും സംയുക്തമായ ഒരു സമരമാണ് അവിടെ നടത്തുന്നത്. അവിടെ എല്ലാ വിഭാഗം ജനങ്ങളും ശക്തിയായിട്ടാണ് ആ തൊഴിലാളി വിഭാഗങ്ങളെ പിൻതുണയ്ക്കുന്നത്. അതുകൊണ്ട് പിടിയരിയെടുത്ത്, സംഭാവനകൾ സ്വീകരിച്ചുകൊണ്ട് അവരെ നിലനിറുത്തിക്കൊണ്ട് തൊഴിലാളികൾ ആവേശരോമഞ്ചിതരായി മുന്നോട്ടു പോകുന്നുവെന്നുകണ്ടപ്പോൾ അതിനെ അടിച്ചമർത്താനാവശ്യമായ പ്രവർത്തനങ്ങൾ ബിർളയുടെ നേതൃത്വത്തിൽ മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായി. അങ്ങനെ അതിനുവേണ്ടി ഉപയോഗപ്പെടുത്തിയത് നമ്മുടെ മുഖ്യമന്ത്രിയുടെ പോലീസിനെത്തന്നെയാണ്.

സർ, കോഴിക്കോട് ജില്ലയിലൊട്ടാകെ ഇക്കാര്യങ്ങൾ വിശദീകരിക്കുന്നതിനുവേണ്ടി സമരസമിതിയിലെ നേതാക്കൾ മാരൊന്നിച്ചുകൂടി വാഹന പ്രചരണജാഥ നടത്തുന്നതിനുവേണ്ടി പോയ സന്ദർഭത്തിൽ സംഘടിതമായി നൂറു കണക്കിന് പോലീസുകാർ അവിടെ സത്യാഗ്രഹ പന്തലുകളിൽ കടന്ന് സത്യാഗ്രഹം ചെയ്യുന്ന ആളുകളെ മൃഗീയമായി മർദ്ദിച്ചു. ഇവിടെ സെക്രട്ടേറിയേറ്റിനു മുമ്പിൽ ദീർഘകാലമായി സമരം ചെയ്യുന്ന ആളുകളെ രായ്ക്കുരാമാനം നുള്ളി പുറത്തെടുത്തിട്ട് മുഴുവൻ ഷെഡ്ഡുകളും നശിപ്പിച്ചതുപോലെ തന്നെ സത്യാഗ്രഹം അലോസരമായി തോന്നിയ സാബുവിനുവേണ്ടി പോലീസ് അകമ്പടിയോടുകൂടി അത് മുഴുവൻ പൊളിച്ചുകളഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പത്മനാഭൻ: സത്യാഗ്രഹികളെ മർദ്ദിച്ച് പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുത്തില്ലെങ്കിൽ താൻ എം. എൽ. എ. സ്ഥാനം തുടരുകയില്ല എന്ന് ശ്രീ. സീതിഹാജി പറഞ്ഞതായി ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. സീതിഹാജി: ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ: ഈ സംഭവത്തിനുശേഷം മുസ്ലീംലീഗ് നേതാക്കളായ ശ്രീ. പി. സീതിഹാജിയും ശ്രീ. മുഹമ്മദ് ബഷീറും അതു പോലെ കെ. കെ. രാമചന്ദ്രൻമാസ്റ്ററും പോയി വളരെ വികാരപരമായി അവിടത്തെ ജനങ്ങളോടും തൊഴിലാളികളോടും പറഞ്ഞു, ഇതിനു അടിയന്തിരമായ പരിഹാരമുണ്ടാക്കും, ഈ മർദ്ദനത്തിൽ പങ്കെടുത്ത പോലീസുകാർ ഒരു ദിവസംപോലും തൊപ്പിയുമായി നടക്കുകില്ലെന്ന്. ഇത് പത്രങ്ങളിലൊക്കെ വന്നതാണ്. പക്ഷേ ഒരു നടപടിയും ഉണ്ടായില്ല. അവിടെ ഒരു കൊലക്കളത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ച സാഹചര്യത്തിൽ അവിടെ ഓടിക്കൂടിയ നാട്ടുകാരേയും ഇതുപോലെ പൈശാചികമായ മർദ്ദനം അഴിച്ചുവിട്ടുകൊണ്ട് നേരിടുകയാണ് ചെയ്തത്. അവിടത്തെ കടകമ്പോളങ്ങൾ എല്ലാം അടച്ചുകൊണ്ട് ഹർത്താൽ ആചരിച്ച് പ്രകടനം നടത്തിയ ആളുകളെ നമ്മുടെ അതിർത്തി പ്രദേശങ്ങളിൽ ശത്രുക്കളെ നേരിടുന്നതുപോലെ കൈകാര്യം ചെയ്യുന്നു. അങ്ങനെ മൃഗീയമായ മർദ്ദനത്തിൽകൂടി ഈ സമരത്തെ അടിച്ചമർത്താൻ പരിശ്രമിച്ചു.

സി.ഐ.ടി.യു. ഓഫീസ്, മുസ്ലീ ലീഗിന്റെ ഓഫീസ്, എ.ഐ.റ്റി.യു.സി. യുടെ ഓഫീസ് എല്ലാ ഓഫീസുകളിലും കടന്നുചെന്ന് മേശയും കസേരകളും മറ്റ് സാധനങ്ങളും തല്ലിത്തകർത്തു. ഈ അസംബ്ലിയിൽതന്നെ മുസ്ലീം ലീഗ് നേതാക്കന്മാർ അവരുടെ വികാരം പ്രകടിപ്പിച്ചത് അങ്ങേയ്ക്ക് ഓർമ്മയുണ്ടാകും. ഒരു കൊല്ലക്കാലമായി തുടർന്നു വരുന്ന ഈ സമരം തീർക്കാൻ വേണ്ടി തൊഴിലാളികളെപിടിച്ച് ആണയിട്ട് വർത്തമാനം പറയുന്ന തൊഴിൽ വകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റോ എന്ത് നിലപാടെടുത്തു എന്ന് പറയാൻ കഴിയുകയില്ല. ഏഴ് കോൺഫ്രൻസ് ഇവിടെ കൂടിയെന്നാണ് പറയുന്നത്. ഏഴ് കോൺഫ്രൻസ് കൂടുന്നതിനുവേണ്ടി തൊഴിലാളി പ്രതിനിധികളെ തിരുവനന്തപുരത്ത് വിളിച്ചുവരുത്തി. ഞാൻ ചോദിക്കട്ടെ, ഒരു പ്രാവശ്യമെങ്കിലും ഈ മാനേജ്മെന്റിന്റെ പ്രതിനിധികളേയും തൊഴിലാളി പ്രതിനിധികളേയും ഒന്നിച്ചിരുത്തി ചർച്ചചെയ്ത് ഇതിന് എന്തെങ്കിലുമൊരു പോംവഴിയുണ്ടോയെന്ന് ആലോചിക്കാനോ അവരെ ബോദ്ധ്യപ്പെടുത്താനോ ഈ മുഖ്യമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ടോ? എന്താണ് ഇത്തരം കാര്യങ്ങളിൽ ഈ ഗവൺമെന്റിന്റെ സമീപനം?

അതുപോലെതന്നെ ഈ കാര്യങ്ങളും പരിഹരിക്കുന്നതിന് തയ്യാറാകുന്നില്ല എന്ന നിസ്സഹായതയാണ് മുഖ്യമന്ത്രി പറയുന്നത്. ഇത്രനാണംകെട്ടകാര്യം വേറെയുണ്ടോ? ഈ രാജ്യത്തെ ആകെ സ്തംഭിപ്പിക്കുന്ന രീതിയിൽ ഇത്രയേറെ സാമ്പത്തിക വൈഷമ്യങ്ങളും രണ്ട് മൂന്ന് ജില്ലകളെ ബാധിക്കുന്ന നിലയിൽ ലക്ഷോപലക്ഷം ജനങ്ങളെ ബാധിക്കുന്ന ഒരു സമരം ഒരുകൊല്ലമായി നടക്കുമ്പോഴും അതു തീർക്കുന്നതിനുവേണ്ടി എന്തെങ്കിലും ഒരു നടപടി എടുക്കുന്നതിനു പകരം തൊഴിലാളികളെ കളിയാക്കുന്ന നടപടിയാണ് മുഖ്യമന്ത്രി എടുത്തത്. പ്രധാനമായ ഒരു കാര്യം കൂടി പറയട്ടെ. ഇത്തരം ഒരു സാഹചര്യത്തിൽ നമ്മുടെ സമ്പദ്ഘടനയെ സംരക്ഷിക്കാനും നിലനിർത്താനും, ലക്ഷോപലക്ഷം ജനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

പട്ടിണിക്കിടന്ന് പൊരിയുമ്പോഴും അവരെ രക്ഷിക്കാനും ഈ ഗവൺമെൻറിന് ബാദ്ധ്യതയുണ്ട്. ഇവിടെ ഞാൻ എൻറെ പ്രമേയത്തിൽ പറയുന്നത് അടിയന്തിരമായി ഈ സ്ഥാപനം ഗവൺമെൻറ് ഏറ്റെടുത്ത് ഈ തൊഴിലാളികൾക്ക് ജോലികൊടുക്കുവാൻ ആവശ്യമായ നടപടികളും സ്വീകരിക്കണമെന്നാണ്.

ഈ മാവൂർറയോൺസിൽ ഇതിനുമുമ്പും തൊഴിലാളികളുടെ പ്രശ്നങ്ങളും ഉണ്ടായി. തൊഴിലാളികളെ ഭീഷണിപ്പെടുത്തുന്നതിനുവേണ്ടി മാനേജ്മെൻറ് കമ്പനി പൂട്ടിയപ്പോഴും 5 മാസക്കാലം തുറക്കാൻ കൂട്ടാക്കാതെ മുന്നോട്ടുപോയപ്പോഴും 1978-ൽ സഖാവ് പി.കെ.വി. വ്യവസായമന്ത്രിയും ശ്രീമാൻ ഉമ്മൻചാണ്ടി തൊഴിൽ വകുപ്പുമന്ത്രിയും ശ്രീ. എ. കെ. ആൻറണി മുഖ്യമന്ത്രിയും ആയിരുന്ന കാലത്ത് തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി ആ കമ്പനി ഏറ്റെടുക്കാൻ ഗവൺമെൻറ് ഓർഡിനൻസ് പുറപ്പെടുവിച്ചു, ഞങ്ങൾ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് മാനേജിംഗ് ഡയറക്ടറെ പോസ്റ്റ് ചെയ്യുകയും ചെയ്തു. അത്തരം ഘട്ടത്തിൽ വിരളിപിടിച്ച മാനേജ്മെൻറ് ഒരു ഒറ്റ രാത്രികൊണ്ട് ആ തൊഴിലാളികൾ പറഞ്ഞ കാര്യങ്ങൾ അംഗീകരിച്ച് നടപ്പിലാക്കാൻ തയ്യാറായി—കമ്പനി തുറക്കാൻ തയ്യാറായി. അതുകൊണ്ട് നമ്മുടെ സ്വന്തം സ്ഥാനത്തെ വളരെയധികം ബാധിക്കുന്ന ഒരു വിഷയമെന്ന നിലയിൽ അടിയന്തിരമായി ഈ കമ്പനി ഗവൺമെൻറ് ഏറ്റെടുത്ത് പ്രവർത്തനമാരംഭിക്കാനും, അങ്ങനെ ആ തൊഴിലാളികളെയും അവരുടെ കുടുംബങ്ങളേയും, ആ പ്രദേശങ്ങളേയും സംരക്ഷിക്കാനും 78-ൽ ഗവൺമെൻറ് എടുത്ത നടപടിപോലെ ആവശ്യമായ നടപടി ഈ ഗവൺമെൻറ് എടുക്കണം. ഈ പ്രമേയം സഭ പാസ്സാക്കിത്തരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. ടി. കുണാരൻ: സർ, ഞാൻ ഈ പ്രമേയത്തെ പൂർണ്ണമായും പിന്താങ്ങുകയാണ്. മാവൂരിലെ തൊഴിൽ പ്രശ്നം മാവൂരിലെ തൊഴിലാളികളുടെ മാത്രം പ്രശ്നമല്ല. ഈ സ്ഥാനത്തെയാകെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. കാരണം ആ തൊഴിലാളി കുടുംബങ്ങൾ കഴിഞ്ഞ ഒരു വർഷവും ഒരു മാസവും ആയി പട്ടിണിയിലാണ്. ഈ കഴിഞ്ഞ കാലത്തിനിടയ്ക്ക് മൂന്നോ നാലോ തൊഴിലാളികൾ അവിടെ തൂങ്ങിമരിക്കുകയുണ്ടായി. ആ തൊഴിലാളികളുടെ കുടുംബങ്ങളും അവരുടെ കുട്ടികളും അനാഥരാണ്. ഇത്രമാത്രം ദയനീയമായ ഒരു സ്ഥിതി നമ്മുടെ സംസ്ഥാനത്തിൽ, ബിർളാ മുതലാളി സൃഷ്ടിച്ചിരിക്കുന്നു ഇത് മൂലം നമ്മുടെ ഇൻഡ്യാ രാജ്യത്തിലെ ഏറ്റവും വലിയ കുത്തക മുതലാളി ഈ സംസ്ഥാന ഗവൺമെൻറിനെയാണ് വെല്ലുവിളിക്കുന്നത്. ഈ പണിമുടക്കുസമരം നടത്തുന്നതിൽ എല്ലാ വിഭാഗത്തിലുള്ള തൊഴിലാളികളും ഉണ്ട്. മുഴുവൻ തൊഴിലാളികളും സംയുക്തമായിട്ടാണ് സമരം നടത്തിക്കൊണ്ടിരിക്കുന്നത്. എന്നിട്ടും ഒരു വർഷവും ഒരു മാസവും തികഞ്ഞിട്ടുപോലും 'കമാ' എന്ന് ഒരക്ഷരം ബിർളാ മുതലാളിയെക്കൊണ്ട്, സാബുവിനെക്കൊണ്ട് പറയിപ്പിക്കാൻ ഈ ഗവൺമെൻറിനു കഴിഞ്ഞിട്ടില്ല. ഈ സാബുവിൻറെ വിചാരം കരുണാകരൻറെ സർക്കാർ തൻറെ അൽസേഷ്യൻ പട്ടിയാണെന്നാണ്. അല്ലെങ്കിൽ പിന്നെ ഒരു സർക്കാരിനെ വെല്ലുവിളിക്കുമോ? തൊഴിലാളി വർഗ്ഗത്തെ അല്ല സർക്കാരിനെയും വെല്ലുവിളിക്കുന്നു. ഇതെന്തൊരു സ്ഥിതിയാണ്? ഈ തൊഴിലാളികളുടെ പ്രശ്നം മാത്രമല്ല. നമ്മുടെ വനംവകുപ്പുമന്ത്രി കഴിഞ്ഞ ആഴ്ച ഇവിടെ ചോദ്യോത്തര സമയത്ത് പറഞ്ഞു, മാവൂരിൽ അസംസ്കൃത സാധനങ്ങൾ സാബു പറയുന്ന വിലയ്ക്ക് കൊടുക്കണമെന്ന സ്ഥിതിയാണുള്ളതെന്ന്. ആ വെല്ലുവിളിയെയാണ് എതിർക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന് എന്ത് അർത്ഥമാണ് സർ. ഇവിടെ ആരോ, ഏഴോ പ്രാവശ്യം അനുരഞ്ജന സംഭാഷണത്തിന് വന്നതല്ല. സാബു ശിവനപ്രദർശനത്തിന് പോകാറുണ്ട്. അതുപോലെയാണ് കോഴിക്കോട്ടുനിന്ന് തിരുവനന്തപുരത്തേക്ക് വന്നു, പോയി. എന്താണ സർ ഇത ? ഇത് നമുക്ക് അപമാനകരമാണ്. ഇത് രാഷ്ട്രീയത്തിന്റെ പ്രശ്നമല്ല, ഈ സംസ്ഥാനത്തിന് ഒരു പാരമ്പര്യമുണ്ട്; തൊഴിലാളിവർഗ്ഗത്തിന്റെ ട്രെയ്ഡ് യൂണിയൻ. ആ പാരമ്പര്യം അനുസരിച്ചാണ് ബിർളായെ മാത്രമല്ല ഇൻഡ്യയിലെ പലപല കുത്തകമുതലാളിമാരേയും മുട്ടുകുത്തിച്ച് അവകാശങ്ങളം നേടിയെടുത്തിട്ടുള്ളത്. തൊഴിലാളിവർഗ്ഗം നിരായുധരാണ്, നിരാശരാണ്, അസംതൃപ്തരാണ്. സർ, പാഷാണം വർക്കി എന്ന ഒരു കഥാപാത്രമുണ്ട്. ഏഴു രാത്രിയിലെ പാഷാണ വർക്കി. അതുപോലെതന്നെ ലീഗ് എ എൻ. എ ബഷീറു, അതുപോലെ നമ്മുടെ ശ്രീ. രാമചന്ദ്രൻ മാസറ്റർ അവിടെചെന്ന തൊഴിലാളിവർഗ്ഗത്തിനു വേണ്ടി ഉജ്ജ്വലമായ ഒരു പ്രസംഗം നടത്തി ഈ പാഷാണ വർക്കിയുടെ കാര്യംപോലെ നിങ്ങളം ഒന്നുകിൽ ഈ തൊഴിലാളിവർഗ്ഗത്തിന്റെ കൂടെ നിന്നുകൊണ്ട് ഈ കമ്പനി തുറപ്പിക്കാൻ ആവശ്യമായ നടപടി ശ്രീ. കരുണാകരന്റെ ഗവൺമെന്റിനെക്കൊണ്ട് എടുപ്പിക്കണം. ഏത് തരത്തിലാണോ ഏറ്റെടുക്കേണ്ടതായിട്ടുള്ളത് ആ തരത്തിൽ ഏറ്റെടുക്കണം, മാനേജ്മെന്റ് വഴിപ്പെട്ടില്ലെങ്കിൽ സ്വയം സർക്കാർ ഏറ്റെടുക്കാൻ നടപടി ഉണ്ടാകണം. ഒരു സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് വീരശൂരപരാക്രമശാലിയായ നമ്മുടെ മുഖ്യമന്ത്രി എന്തെങ്കിലും നടപടികൾ സ്വീകരിക്കണം. ഈ വീരശൂരപരാക്രമിയുടെ പരാക്രമം ഈ തൊഴിലാളികളെ പട്ടിണിക്കിടുന്ന ബിർളായോട്, വേണം നടത്താൻ. അടിയന്തിരമായി മാവൂരിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരനടപടികൾ എടുത്തില്ലെങ്കിൽ ഒരു അഗ്നിപർവ്വതമാണെന്നകാര്യം, ആ തൊഴിലാളികൾ പട്ടിണി കിടക്കുകയാണെന്നകാര്യം സർക്കാരിനു, തൊഴിൽവകുപ്പുമന്ത്രിക്കു, മുഖ്യമന്ത്രിക്കു ഓർമ്മവേണമെന്ന് പറഞ്ഞുകൊണ്ട് മാവൂരിലെ പട്ടിണികിടക്കുന്ന തൊഴിലാളികൾക്ക് ജോലി കൊടുക്കാൻ, അവരെ സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചുകൊണ്ട് ഈ പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. രാമൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ ''തയ്യാറാകാത്ത സാഹചര്യത്തിൽ'' എന്നതിനുശേഷം ''തൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിച്ച്'' എന്ന് കൂട്ടിച്ചേർക്കണം.

ശ്രീ. കെ. ടി. കുമാരൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ ''തുറന്നു പ്രവർത്തിക്കുകയും'' എന്നതിനു ശേഷം ''ഒരു വർഷത്തോളമായി ജോലി ഇല്ലാതെ കഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് ആശ്വാസമായി ധനസഹായം നൽകണമെന്നും'' എന്ന് കൂട്ടിച്ചേർക്കണം.

ശ്രീ. കെ. ടി. കണ്ണൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ ''സാഹചര്യത്തിൽ'' എന്നതിനു ശേഷമുള്ള ''അത്'' എന്നത് നിക്കം ചെയ്ത് ''ഫാക്ടറി മാനേജ്മെന്റ്'' എന്നുചേർക്കുക.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. തങ്കപ്പൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ ''ഏറെടുത്ത്'' എന്നതിനുശേഷമുള്ള ഭാഗം നീക്കം ചെയ്ത് തൽസ്ഥാനത്ത് താഴെക്കാണുന്നത് ചേർക്കുക. ''തുറന്നു പ്രവർത്തിക്കുന്നതുവരെ പ്രസ്തുത ഫാക്ടറിയിലെ മുഴുവൻ തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകണമെന്നും ഈ സഭ സർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു.''

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ ''ഏറെടുത്ത്'' എന്ന വാക്കിന് മുമ്പ് ''അടിയന്തിരമായി'' എന്നു കൂട്ടിച്ചേർക്കുക.

ശ്രീ. എ. സി. ജോസ്: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. അതേ അവസരത്തിൽ ഈ ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടി എടുക്കണമെന്നതിനോട് ഞാൻ യോജിക്കുകയാണ്. ഇപ്പോഴും നമ്മുടെ നാട്ടിൽ വന്നുചേർന്നിരിക്കുന്നതായ പ്രത്യേക സ്ഥിതിവിശേഷം ഏതെങ്കിലും, ഫാക്ടറി മാനേജ്മെന്റ് കഴിവില്ലായ്മകൊണ്ട് പൂട്ടിയിട്ടുകഴിഞ്ഞാൽ അത് ഗവൺമെന്റ് ഏറെടുക്കണമെന്നുള്ള മുറവിളിയുമായി നാം തൊഴിലാളി പ്രവർത്തകർ അടക്കമുള്ളവർ മുന്നോട്ടുവരുന്നു എന്നതാണ്. നമ്മുടെ നാട്ടിൽ ഇന്ന് സാധ്യത്തോടുകൂടി വന്നിട്ടുള്ള ചില പ്രത്യേകതകൊണ്ട്, അല്ലെങ്കിൽ ആധുനിക വൽക്കരണംകൊണ്ട് ഉണ്ടാകുന്ന മാറ്റങ്ങൾകൊണ്ട് ഫാക്ടറികളും പലതും അടച്ചിടേണ്ടിവരികയോ അല്ലെങ്കിൽ നിർത്തലാക്കേണ്ടിവരുകയോ ചെയ്യുന്ന അവസരത്തിൽ എല്ലാം ഗവൺമെന്റ് ഏറെടുക്കണമെന്നുള്ള മുറവിളിയുമായി അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ഒന്നിച്ച് വരരുതെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. മാവൂർ റയോൺസ് പൂട്ടിയത് തൊഴിലാളികളുടെ കുഴപ്പംകൊണ്ടുമാത്രമാണോ എന്നുകൂടി പരിശോധിക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. മാവൂർ റയോൺസ് തുടങ്ങിയ അന്നുമുതൽ ഓരോ വർഷങ്ങളിലും വാർഷികം ആഘോഷിക്കുന്നതുപോലെ, അല്ലെങ്കിൽ ഉൽസവത്തിലെ പെരുനാളുകൾപോലെ എല്ലാ വർഷവും അവിടെ തൊഴിൽക്കുഴപ്പം ഉണ്ടാകും. അതിന് മുഴുവൻ ആരാണ് ഉത്തരവാദിത്വം പറയേണ്ടതെന്നാണും ഞാൻ ഇപ്പോൾ പറയുന്നില്ല. ഒരു കാര്യം പറയാം. അവിടത്തെ മാനേജ്മെന്റ്, അവർക്ക് നേടേണ്ട കാര്യങ്ങൾ നേടാൻ, ആവശ്യമായ രീതിയിലേക്ക് അവിടത്തെ തൊഴിലാളികളെ തൊഴിൽക്കുഴപ്പത്തിലേക്ക് തള്ളിയിടുന്ന സ്ഥിതിവിശേഷം നമുക്ക് നിരന്തരമായിട്ട് കാണാൻ കഴിയുന്നുണ്ട്. ഈ വർഷവും അതിൽനിന്ന് വ്യത്യസ്തമല്ലെന്നാണ് എന്റെ അഭിപ്രായം. മാവൂർ റയോൺസിലെ മാനേജ്മെന്റിന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസരിച്ച് അറിയാതെ നാം കളിച്ചുകൊടുക്കുന്ന സ്ഥിതിയിലേക്ക് എത്തിച്ചേർന്നിരിക്കുകയാണ്. ഇവിടെ മനസ്സിലാക്കിയിടത്തോളം അവിടത്തെ അസംസ്കൃത പദാർത്ഥങ്ങൾക്കുവേണ്ടി ഗവൺമെന്റ് ഒരു വില നിശ്ചയിച്ചിട്ടുണ്ട്. ആ വില നൽകി അസംസ്കൃത സാധനങ്ങൾ എടുക്കാൻ തയ്യാറാകാത്ത ആ കമ്പനി കുഴപ്പത്തിലേക്ക് നീങ്ങുമ്പോൾ തൊഴിലാളികളെയും അതിന് ചട്ടുകമായി ഉപയോഗിച്ചുകൊണ്ട് അവർ അറിയാതെതന്നെ അവരുടെ ബോണസ്സിൽ കടുംപിടുത്തം പിടിച്ചുകൊണ്ട് ആ കമ്പനി തൊഴിൽക്കുഴപ്പത്തിന്റെ പേരിൽ അടച്ചി

LIBRARY ARCHIVES Kerala Legislative Assembly

ടുകയും പിറേറ ദിവസം മുതൽ അത് തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ടി തൊഴിലാളികളെക്കൊണ്ട് സമരം ചെയ്യിപ്പിക്കുകയും ചെയ്യുന്ന ഒരു പുതിയ സമരതന്ത്രത്തിലേക്ക് കേരളത്തിലെ മാനേജ്മെൻറുകൾ പലതും നീങ്ങിയിരിക്കുന്നു എന്നതാണ് പരമാർത്ഥം. ശ്രീ. രാജന് അത് മനസ്സിലാകുകയില്ല.

സർ, ഞാൻ ഉദാഹരണത്തിലേക്ക് വരികയാണ്. ഞാൻ കഴിഞ്ഞതവണ ലേബർ വകുപ്പിൻെറ ഡിമാൻറിൻെറ ചർച്ചയിൽ പങ്കെടുത്തപ്പോൾ ട്രാവൻകൂർ ഒഗേൽ ഗ്ലാസ് ഫാക്ടറിയെ സംബന്ധിച്ച് പറയുകയുണ്ടായി. ആ കമ്പനി എറണാകുളത്ത് കളമശ്ശേരിയിലാണ്. 12 വർഷക്കാലമായി ഒരൊറേറ ദിവസത്തെ സമരംപോലും ഇല്ലാതിരുന്ന അവിടെ ഞാൻ തന്നെയാണ് യൂണിയൻ പ്രസിഡണ്ട്. 12 വർഷക്കാലമായി ഒരൊറേറദിവസംപോലും സമരമില്ലാതിരുന്ന ആ കമ്പനി ആധുനീവൽക്കരിക്കുവാൻ പണമില്ലാത്തതുകൊണ്ട് അല്ലെങ്കിൽ മറേറതരത്തിൽ അത് ഡെവേഴ്സിഫൈ ചെയ്യാൻ പണമില്ലാത്തതിൻെറ പേരിൽ, മനപ്പൂർവ്വം ഒരു തൊഴിലാളി സമരത്തിലേക്ക് അല്ലെങ്കിൽ തൊഴിലാളി പ്രശ്നത്തിലേക്ക് അതിനെ നിക്കിക്കൊണ്ട് കഴിഞ്ഞ മൂന്നുനാലു വർഷമായി അടച്ചിട്ടിരിക്കുകയാണ്. ഞങ്ങളും അത് ഏറെടുക്കണമെന്ന് പറഞ്ഞ് മുദ്രാവാക്യവുമായി നടക്കുകയാണ്. ഏറെടുക്കണമെന്ന് പറഞ്ഞാൽ ഇപ്പോൾ മാനേജ്മെൻറിന് ബുദ്ധിമുട്ടില്ല. കോടതിയിൽ പോയാൽ കോമ്പൻസേഷൻ കിട്ടും. ഇപ്പോൾ ഇവിടെ പ്രമേയം അവതരിപ്പിച്ച എൻെറ സ്നേഹിതൻ ശ്രീ. ഇസ്മയിൽ പറഞ്ഞു, 10 കോടി രൂപകൊണ്ട് ആരംഭിച്ചവൻ ഇന്ന് 100 കോടി രൂപ ആദായമുണ്ടാക്കിയിരിക്കയാണ്. ഇനി ഇത് പൂട്ടിക്കൊണ്ട് ഗവൺമെൻറ് ഏറെറടുക്കണമെന്ന് പറഞ്ഞ് ഇട്ടിട്ടുപോയാൽ മതി. അതിൻെറ മുഴുവൻ തുകയും ഗവൺമെൻറിൽനിന്ന് മേടിക്കാൻ അവർക്ക് കഴിയും. അതിൻെറ മുഴുവൻ വിലയും ലാഭവും കൊടുക്കാൻ ഗവൺമെൻറ് പ്രഖ്യാപിക്കും. അപ്പോൾ നാംതന്നെ അവർക്ക് ചട്ടുകമായി നിന്നുകൊടുക്കുകയാണ് ചെയ്യുന്നത്. ട്രാവൻകൂർ ഒഗേൽ ഗ്ലാസ് ഫാക്ടറിക്ക് 28 ഏക്കർ സ്ഥലമുണ്ട്. അവിടത്തെ മുന്നൂറിലേറെ തൊഴിലാളികളും ഇന്ന് പട്ടിണിയിലാണ്. അതിൻെറ ഉത്തരവാദിത്വം മാനേജുമെൻറിനാണ്. ഇവിടെ മാത്രമല്ല ഇൻഡ്യയിൽ എല്ലാ സ്ഥലത്തും ഈ പ്രശ്നങ്ങളുണ്ടാകുന്നു. ഈ തരം കമ്പനികളും പ്രശ്നങ്ങളിലേക്ക് നീങ്ങുമ്പോൾ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയില്ലായ്മ മനപ്പൂർവ്വം സൃഷ്ടിച്ചുകൊണ്ട് കമ്പനി പൂട്ടിയിടുന്ന മാനേജരെ പ്രോസിക്യൂട്ട് ചെയ്യണം. അത് ഗവൺമെൻറ് ഏറെടുക്കുന്നതല്ല പരിഹാരം. അങ്ങനെയുള്ളവരെ സഹായിക്കാനാണ് ഇവിടെ പറയുന്നത്. അപ്പുറത്തിരിക്കുന്ന റെഡ് യൂണിയൻ നേതാക്കൻമാർ സാബുവിനെ സഹായിക്കുന്നതിനു വേണ്ടിയാണ്, ഗവൺമെൻറ് ഏറെടുത്ത് ബിർളയ്ക്ക് പണം കൊടുക്കണമെന്ന് പറയുന്നത്. കമ്പനി തുറക്കാൻ പറഞ്ഞ് നിർബന്ധമായി ഉത്തരവ് കൊടുക്കുകയും അങ്ങനെ പൂട്ടിയിടുന്നവരെ പ്രോസിക്യൂട്ട് ചെയ്യുകയും ചെയ്തുകൊണ്ട് കമ്പനി തുറക്കാൻ ആജ്ഞാപിക്കണം. ഗവൺമെൻറ് ഏറെടുക്കണമെന്ന മുറവിളി മാനേജ്മെൻറിനെ സഹായിക്കാനാണ്. കേരളത്തിൽ ഇതിനുവേണ്ട സംവിധാനമുണ്ടാകണം. പൂട്ടിക്കിടക്കുന്ന കമ്പനികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് അവർക്ക് ഉത്തരവ് കൊടുക്കുകയും ആവശ്യമായ മറേറ

LIBRARY ARCHIVES Kerala Legislative Assembly

സഹായങ്ങളും ചെയ്തുകൊണ്ട് അവരുടെമേൽ നടപടി എടുത്ത് കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളെടുക്കണമെന്ന ഭീഷണിപ്പെടുത്തിക്കൊണ്ട് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ഒരു കൊല്ലത്തിലധികമായി ഈ കമ്പനി പൂട്ടിക്കിടക്കുന്നു. 4500-ൽ അധികം സ്ഥിരം തൊഴിലാളികളും പതിനായിരത്തോളം മറ്റു തൊഴിലാളികളും ഇതിനെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. ശരാശരി ഒരു കോടി ഉറുപ്പിക കമ്പനി ജീവനക്കാർക്ക് വേതനമായി കൊടുക്കുന്നുണ്ട്. അതിൽ 12 കോടി ഉറുപ്പികയിലധികം കഴിഞ്ഞ ഒരു വർഷമായിട്ട് നഷ്ടപ്പെട്ടിരിക്കയാണ്. ഗവൺമെന്റിന് അതുവഴി നഷ്ടമുണ്ടായിട്ടുണ്ടെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. 13 കോടി ഉറുപ്പിക മുടക്കി 73 കോടിയിലധികം ഉറുപ്പിക ലാഭമുണ്ടാക്കിയ ഒരു കമ്പനിയാണ് ഗ്വാളിയർ റയോൺസ്. ഇപ്പോൾ അവർ ബോണസ് പോലെയുള്ള എഗ്രിമെന്റിന്റെ കാര്യത്തിൽ നീട്ടി നീട്ടി പോവുകയാണ്. തൊഴിലാളികൾക്ക് സംഘടിക്കാനും വിലപേശാനുമുള്ള ഭരണഘടനാപരമായ അവകാശം ഇൻഡ്യയിലുണ്ട്. പക്ഷേ കൊല്ലങ്ങളായി അവരുടെ അവകാശങ്ങൾ നീട്ടി നീട്ടി പോയാൽ അതിൽ ഗവൺമെന്റ് ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നില്ലെങ്കിൽ നീണ്ടുപോകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. കേരള ഗവൺമെന്റിന്റെ പഴയ എഗ്രിമെന്റുപ്രകാരം അസംസ്കൃത സാധനങ്ങൾ കൊടുക്കുന്നില്ലെന്ന വാദവും ഇപ്പോൾ കമ്പനി ഉയർത്തിയിരിക്കയാണ്. ഈ കമ്പനിക്ക് വളരെ ചുരുങ്ങിയ റേറ്റിലാണ് വിദ്യുച്ഛക്തി കൊടുക്കുന്നതെന്നുള്ള കാര്യം മറന്നുപോയി. പക്ഷേ മറ്റു അസംസ്കൃത സാധങ്ങൾ വേണ്ടത്ര ആ എഗ്രിമെന്റുപ്രകാരം കൊടുക്കുന്നില്ലെന്നത് ഒരു സത്യമാണ്. ഏതായാലും ഇന്ന് ബഹുഭൂരിപക്ഷം തൊഴിലാളികളും പട്ടിണിയിലാണ്. അവരുടെ പാത്രങ്ങൾ കട്ടിൽ തുടങ്ങി എല്ലാ സാധനങ്ങളും വിറ്റുകൊണ്ടിരിക്കുകയാണ്. ഇനി ബാക്കിയൊന്നുമില്ല. എങ്കിലും തൊഴിലാളികൾ ഈ സമരത്തിൽ ഉറച്ച് നിൽക്കുകയാണ്. ഞാൻ അവരെ അഭിനന്ദിക്കുകയാണ്.

കോഴിക്കോട് മൂവ്വായിരത്തിലധികം തൊഴിലാളികൾ പണിമുടക്കിയിട്ടുള്ള മറ്റു കമ്പനികളുടെ പ്രശ്നങ്ങളുമുണ്ട്. അത് ഞാൻ ഇപ്പോൾ പരാമർശിക്കുക മാത്രമേ ചെയ്യുന്നുള്ളു. ഈ അവസരത്തിൽ എനിക്ക് പറയുവാനുള്ളത്, ഒരു ഗവൺമെന്റിന് അതിൽ ഉത്തരവാദിത്വമുണ്ട്. ഇവിടെ നമ്മൾ വ്യവസായ ചർച്ചയിൽ ഓരോ ജില്ലയിലും പല കമ്പനികൾ പൂട്ടിക്കിടക്കുന്നതായി കണ്ടു. ഈ കമ്പനികളെല്ലാം പൂട്ടിക്കിടന്നാലെന്ത്, എന്റെ മുഖ്യമന്ത്രി സ്ഥാനവും എന്റെ തൊഴിൽകാര്യമന്ത്രി സ്ഥാനവും എന്റെ പ്രതിഛായയുമാണ് പ്രധാനമെന്നുള്ള നിലയിലാണ് ഇവിടെ പ്രധാനമായും കാര്യങ്ങൾ നടക്കുന്നത്. കഴിഞ്ഞ ഒരു കൊല്ലക്കാലമായി ഈ പ്രതിഛായയ്ക്കുവേണ്ടി വിമാനത്തിലും കാറിലും ഹെലികോപ്റ്ററിലും ഒക്കെ നടന്ന സമയത്തിന്റെ ചെറിയ ഒരംശം സമയം ഉണ്ടായിരുന്നുവെങ്കിൽ ഈ കമ്പനിയുടെ പ്രശ്നം ചർച്ചചെയ്ത് തീർക്കാൻ കഴിയുമായിരുന്നില്ലേ? കേരളത്തിലെ നിരവധി കമ്പനികളിലെ തൊഴിലാളികൾ പട്ടിണികിടന്നാലെന്ത്; അവർ മരിച്ചാലെന്ത് എന്നല്ലേ നിങ്ങളുടെ സമീപനം? ആർക്കുവേണ്ടി നിങ്ങൾ ചെയ്യുന്നത് കുത്തക മുതലാളിമാർക്കുവേണ്ടി. ബിർളയുടേയും ടാറ്റയുടേയും പാദസേവകൻമാരാണ്. ഡൽഹിയിലും ഇവിടെയും ഭരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. അതുകൊണ്ട് ഈ കമ്പനി ഏറെടുക്കണമെന്ന് തൊഴിലാളികൾ ഡിമാൻഡ് ചെയ്തിട്ടുണ്ട്. അവരുടെ ഏകകണ്ഠമായ സമര സമിതിയാണ് ഡിമാൻഡ് ചെയ്യുന്നത്. അതിനെ സംബന്ധിച്ച് ശ്രീ. എ. സി. ജോസ് ഇവിടെ പരാമർശിക്കുകയുണ്ടായി.

സർ, ഏത് സ്വഭാവത്തിലെങ്കിലും ഈ കമ്പനി നടത്താനാവശ്യമായ നടപടികളെടുക്കണം. തൊഴിലാളിയുടെ ആവശ്യങ്ങൾ പലതും അംഗീകരിച്ചുകൊണ്ടുതന്നെ നടത്താൻ കഴിയും. ഞാൻ അതിന് ഒരു ഉദാഹരണം പറയാം. ശ്രീ. മത്തായി മാഞ്ഞൂരാൻ ഇവിടെ തൊഴിൽകാര്യമന്ത്രിയായിരുന്ന കാലത്ത്, മാവൂരിൽ ഏറ്റവും കൂടുതൽ ബോണസ് കൊടുത്തു. മാവൂരിൽ കമ്പനിയെ ത്വരവരച്ച് നിർത്തിയ കാലഘട്ടമായിരുന്നു. അത് മത്തായി മാഞ്ഞൂരാന്റെ ശക്തികൊണ്ട് മാത്രമായിരുന്നില്ല. അതിനുള്ള ഒരു അപ്രോച്ചുണ്ട്. ആ അപ്രോച്ച് നമ്മുടെ മുഖ്യമന്ത്രി ഉണ്ടാക്കിയില്ല. കോൺഫ്രൻസുകൾ നടന്നുവെന്നാണ് പറയുന്നത്. രണ്ട് കോൺഫ്രൻസുകളിൽ ഞാൻ പോയിട്ടുണ്ട്. സാധാരണ കുട്ടികൾ മണലിൽ ചിരട്ടയിലാക്കി മറിക്കുന്ന ഒരു ഏർപ്പാടുണ്ട്. അതുപോലെയല്ലേ നിങ്ങൾ ചെയ്തത്? ആദ്യത്തെ കോൺഫ്രൻസിൽ പറഞ്ഞു, അയാൾ വരുന്നില്ല. അതുപോലെ രണ്ടാമത്തെ കോൺഫ്രൻസിലും പറഞ്ഞു അയാൾ വരുന്നില്ല. ഞാൻ ചോദിക്കട്ടെ, ഒരു രേണാധികാരി ചെയ്യേണ്ടത് എന്താണ്? നിങ്ങൾക്ക് അധികാരമുണ്ട്. ഇൻഡ്യാ ഗവൺമെൻറിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും വകുപ്പ് ഉപയോഗിച്ചുകൊണ്ട് ധിക്കാരിയായ മുതലാളിയെ നിലയ്ക്ക് നിർത്താൻ നിങ്ങൾ എന്തു ചെയ്തു? നിങ്ങൾ ഒന്നും ചെയ്തില്ല. പതിനായിരം തൊഴിലാളികൾ അവരെ ആശ്രയിച്ച് ജീവിക്കുന്നവരാണ്, പട്ടിണി കിടക്കുന്നവരാണ്. എനിക്ക് അവരുടെ ദിവസവും ഉള്ള കാര്യം അറിയാം. കാരണം കോഴിക്കോട് പട്ടണത്തിന്റെ വിവിധ മേഖലകളിൽ താമസിക്കുന്നവരാണ് അതിൽ 40 ശതമാനം സ്റ്റാഫും തൊഴിലാളികളും. സ്റ്റാഫിന് ശമ്പളം കിട്ടുന്നുണ്ട്, അത് വേറെ കാര്യം. ഏതായാലും ഈ കാര്യത്തെ സംബന്ധിച്ച്, എനിക്ക് പറയാനുള്ളത് റോം കത്തിയെരിയുമ്പോൾ നീറോ വീണ വായിച്ചിരുന്നു. അതുപോലെ ഇവിടെ ഗ്വാളിയർ റയോൺസ് പൂട്ടിയാൽ എന്ത്, പതിനായിരം തൊഴിലാളികൾ മരിച്ചാൽ എന്ത്, തന്റെ പ്രതിഛായയാണ് ഇവിടെ പ്രശ്നം. ആ കമ്പനിയിലെ പണിമുടക്ക് തീർത്തിരുന്നുവെങ്കിൽ നിങ്ങളുടെ പ്രതിഛായ ഉണ്ടാകുമായിരുന്നില്ലേ? അതുകൊണ്ട് ഈ ഗവൺമെൻറിന്റെ കുറ്റകരമായ അനാസ്ഥകൊണ്ടാണ് ഈ പണിമുടക്ക് നീണ്ടുപോയത്. എത്രയും പ്രഗം അത് അവസാനിപ്പിക്കണം. അല്ലെങ്കിൽ അതിന് ശരിയായ മാർഗ്ഗം കണ്ട് തീരുമാനം ഉണ്ടാക്കണമെന്ന് ഈ സഭയോട് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എസ്. ജോൺ: സർ, ഈ പ്രമേയത്തെ എതിർക്കേണ്ടി വന്നതിൽ ക്ഷമിക്കണം. ഗവൺമെൻറ് ഈ ഫാക്ടറി ഏറെടുത്ത് ഈ രാജ്യത്തെ പണം മുഴുവൻ ഇതിനുവേണ്ടി വിനിയോഗിക്കണമെന്നു പറഞ്ഞുകൊണ്ടുള്ള പ്രമേയമായതുകൊണ്ടാണ് ഇതിനെ എതിർക്കേണ്ടി വന്നത്. അനുരഞ്ജനത്തിലൂടെ ഇത് തുറക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതല്ലാതെ വലിയ ബൃഹത്തായ ഫാക്ടറി ഏറെടുത്ത് വലിയ നഷ്ടത്തിലേക്ക് ഈ രാജ്യത്തെ കൊണ്ടുവന്ന് ഗവൺമെൻറിന്റെ സമ്പത്തു മുഴുവനും ഇതിനുവേണ്ടി വിനിയോഗിക്കരുത്. എന്തുകൊണ്ടാണ് ഈ ഫാക്ടറിയിൽ സമരം തുടങ്ങാൻ ഇടയായത്? ഗ്വാളിയർ റയോൺസ് ഫാക്ടറി വളരെ ലാഭത്തിൽ നടന്നുകൊണ്ടിരു

LIBRARY ARCHIVES Kerala Legislative Assembly

ന്നതാണ്. പക്ഷേ സമയത്തിന് റാ മെറ്റീരിയൽസ് കൊടുക്കാൻ കഴിഞ്ഞില്ല. പിന്നെ ഇലക്ട്രിസിറ്റിയുടെ പ്രശ്നമുണ്ട്. അങ്ങനെ പല പ്രശ്നങ്ങളുണ്ട്. അതിന്റെ ഫലമായി നഷ്ടത്തിലായി ലാഭം കിട്ടാത്ത ഒരു സ്ഥിതി വിശേഷമുണ്ടായി. ലാഭം കിട്ടാത്ത സ്ഥിതി വിശേഷം ഉണ്ടാകുമ്പോൾ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം തൊഴിലാളി നേതാക്കൻമാർ വസ്തുത മനസ്സിലാക്കിക്കൊണ്ട് ബോണസ്സിന്റെമേൽ പിടിവാശി മുറുക്കിയത് ശരിയായോ എന്ന് നമ്മളെല്ലാം ഒന്നാലോചിക്കണം. ബോണസ് പ്രശ്നം ഉണ്ടായി. ബോണസ്സിൻമേൽ ചർച്ചയുണ്ടായി. ആ ചർച്ച മുഖ്യമന്ത്രി നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ സമരം പ്രഖ്യാപിച്ചു. മാനേജുമെന്റ് ലേ ഓഫ് നടത്തണമെന്ന് ആഗ്രഹിച്ച അവസരത്തിലാണ് യഥാർത്ഥത്തിൽ സമരം പ്രഖ്യാപിക്കപ്പെട്ടത്. അതിന്റെ ഫലമായി ഇന്ന് എന്താണ് സ്ഥിതി? ലേ ഓഫ് ആയിരുന്നുവെങ്കിൽ കുറെ ശമ്പളമെങ്കിലും കിട്ടിയേനെ. ഇപ്പോൾ ഒന്നും ഇല്ലാതായി. മാനേജുമെന്റിന്റെ നീക്കം മനസ്സിലാക്കി ഒരു നിലപാട് തൊഴിലാളി നേതാക്കൻമാർ എടുക്കേണ്ടതായിരുന്നു.

അതുപോലെ ഇവിടെ കോമൺവെൽത്തിന്റെ കാര്യം പറഞ്ഞു. അതും ഇതുതന്നെയാണ് പ്രശ്നം. കോമൺവെൽത്ത് ബോണസ് 20 ശതമാനം കൊടുക്കാമെന്നു പറഞ്ഞപ്പോൾ അനുരഞ്ജനത്തിലൂടെ പ്രശ്നം പരിഹരിച്ച് ഫാക്ടറി നടത്താനുള്ള ഒരു നിലപാട് സ്വീകരിക്കണമെന്നു പറഞ്ഞു: തൊഴിലാളി യൂണിയൻ നേതാക്കൻമാർ യഥാർത്ഥത്തിൽ അത് അംഗീകരിക്കാതെ സമരത്തിൽ കൊണ്ടെത്തിക്കയാണുണ്ടായത്. അതിനുവേണ്ടി അനുരഞ്ജനത്തിലൂടെ അടച്ചിട്ടിരിക്കുന്ന ഫാക്ടറി തുറക്കാൻ ഗവൺമെന്റ് പരമാവധി ശ്രമിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സിറിയക് ജോൺ: സർ, എന്റെ നിയോജകമണ്ഡലത്തെ ബാധിക്കുന്ന കാര്യവുംകൂടിയാണ്. ഗ്വാളിയർ റയോൺസിന്റെ പുക്കുഴലിൽനിന്നു പുക പൊങ്ങിയിട്ട് വർഷം ഒന്നു കഴിഞ്ഞു. അവിടെ മാത്രമല്ല പതിനായിരക്കണക്കിനു വീടുകളിൽ ഇന്ന് തീ എരിയുന്നില്ല. അത്രമാത്രം പട്ടിണിയിലാണ് ആ പ്രദേശങ്ങളിലെ മുഴുവൻ ആളുകളും. സ്വകാര്യമേഖലയിൽ ഒരുപക്ഷേ, ഏറ്റവും കൂടുതൽ തൊഴിൽ കൊടുക്കുന്ന ഒരു സ്ഥാപനമാണ് മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി. അതിന്റെ വിശദാംശങ്ങളൊക്കെ ബഹുമാനപ്പെട്ട ഇസ്മയിലും മറ്റാളുകളും ഇവിടെ പറഞ്ഞു. മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി ഇന്ന് നഷ്ടത്തിലാണെന്ന് പറയുന്നു. ഞങ്ങളൊക്കെ ധരിച്ചിരുന്നു പാർലമെന്റിലും കേന്ദ്ര മന്ത്രിസഭയിലുമൊക്കെ ബിർളായുടേയും ടാറ്റായുടേയും അതുപോലുള്ള വൻകിട വ്യവസായികളുടേയും ആധിപത്യമാണെന്ന്. പക്ഷേ സർ, കേരള നിയമസഭയിലും ബിർളായുടെ ആളുകൾ വന്നിട്ടുണ്ടെന്നുള്ളത് ശ്രീ. എ. സി. ജോസ് പ്രസംഗിച്ചപ്പോഴാണ് മനസ്സിലായത്. അദ്ദേഹം ഒരു തൊഴിലാളി പ്രവർത്തകനായിരുന്നിട്ട് ഇത്തരത്തിൽ ഒരു മുതലാളിക്കുവേണ്ടി വിശേഷിച്ചും, ഒരു കൊല്ലക്കാലമായിട്ട് പതിനായിരക്കണക്കിനാളുകളെ ക്രൂരമായിട്ട് പട്ടിണിക്കിടുന്ന ഒരു മുതലാളിക്കുവേണ്ടി വക്കാലത്തു പിടിച്ചതിൽ അദ്ദേഹത്തെ ഒരു കാര്യത്തിൽ ഞാൻ പ്രശംസിക്കുകയാണ്. അദ്ദേഹം ഉള്ളിലിരിപ്പു തുറന്നു പറഞ്ഞല്ലോ. ഒരുപക്ഷേ കഴിഞ്ഞ ഒന്നോ രണ്ടോ വർഷക്കാലത്തിനുള്ളിൽ ഈ ഫാക്ടറിക്ക് നഷ്ടമായിരുന്നുവെന്ന് ഒരു വാദത്തിനുവേണ്ടി സമ്മതിച്ചാൽപ്പോലും നൂറു കണക്കിനു കോടി രൂപ ഈ ഫാക്ടറികൊണ്ട് ലാഭമുണ്ടാക്കിയിട്ടുണ്ട് ഈ മാനേജ്മെന്റ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, എന്താണ് ഇവിടെ തർക്കം? ശ്രീ. ടി. എസ്. ജോണും ശ്രീ. എ.സി. ജോസുമൊക്കെ തൊഴിലാളി രംഗത്ത് പ്രവർത്തിക്കുന്നവരാണെന്ന് അവകാശപ്പെടുന്നവരാണല്ലോ? 1982 മുതലുള്ള ബോണസ് കൊടുക്കാത്തതാണ് ആദ്യത്തെ പ്രശ്നം. അതുപോലെതന്നെ അവരുടെ ലോഗ് ടേം എഗ്രിമെന്റിന്റെ കാലാവധി - 1982-ൽ അവസാനിച്ചു. പുതിയ ഒരു എഗ്രിമെന്റിനുവേണ്ടി 1986 കാലഘട്ടത്തിൽ സമരം നടത്തേണ്ടി വരുന്നുവെന്നു പറഞ്ഞാൽ അത് കേരളീയർക്ക് ലജ്ജാകരമല്ലേ സർ. എന്നിട്ട് ആ മുതലാളിക്കുവേണ്ടി ഇവിടെ വക്കാലത്തു പിടിക്കാൻ വന്നിരിക്കുന്ന ഭരണകക്ഷിക്കാർക്ക് തൊഴിലാളി വർഗ്ഗം മാത്രമല്ല ചരിത്രം പോലും മാപ്പ് നൽകുകയില്ല. മുതലാളിയെ പ്രോസിക്യൂട്ട് ചെയ്യുന്നതിനെ സംബന്ധിച്ച് ഇവിടെ പറയുന്നതു കേട്ടു. ആരാണ് ഇതിനു തടസ്സം നിൽക്കുന്നത്? ഈ മുതലാളിയെ പ്രോസിക്യൂട്ട് ചെയ്തുകൊണ്ട് ആ ഫാക്ടറി പ്രവർത്തനക്ഷമമാക്കാൻവേണ്ടി അവിടത്തെ തൊഴിലാളികളും ഈ കാലഘട്ടങ്ങളിൽ ഈ ഗവൺമെന്റിന്റെ ഓരോ വാതിലിലും മുട്ടിവിളിച്ചില്ലേ? സർ, ഇവിടത്തെ മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാരും മറ്റും സാബുവിനെ കാണുമ്പോഴും മുട്ടുവിറയ്ക്കും. അതിനു കാരണം കേന്ദ്രത്തിലെ മന്ത്രിമാരേയും പാർലമെന്റംഗങ്ങളേയും എത്രവേണമെങ്കിലും വിലയ്ക്കെടുക്കാൻ കഴിയുന്ന ഒരു വ്യവസ്ഥിതിയാണിന്നുള്ളത്. ഈ ഫാക്ടറി ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു മാർഗ്ഗവും സ്വീകരിച്ചിട്ടില്ല. ഏറ്റെടുക്കുക മാത്രമേ ഇതിനു പോംവഴിയുള്ളു. മറ്റു മാർഗ്ഗങ്ങളൊക്കെ പരാജയപ്പെട്ട സ്ഥിതിക്ക് ഇത്. എത്രയും പെട്ടെന്ന് ഏറ്റെടുത്ത് അവിടത്തെ തൊഴിലാളി കുടുംബങ്ങൾക്ക ഒരു നേരത്തെ ആഹാരം കഴിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, ശ്രീ. ടി. എസ്. ജോണും, ശ്രീ. എ.സി. ജോസുമൊക്കെ തൊഴിലാളികളാണ് ഈ പ്രശ്നത്തിൽ കടുംപിടിത്തം നടത്തി ഈ തൊഴിൽത്തർക്കത്തിന് പരിഹാരം ഉണ്ടാകുന്നതിന് പ്രതിബന്ധമായി നിൽക്കുന്നതുകൊണ്ടാണെന്ന നിലപാടിൽ സംസാരിച്ചതു കേട്ടു. ഇതിനു മറുപടി പറയേണ്ടത് ശ്രീ. ബഷീറാണ്. അവിടത്തെ തൊഴിലാളി നേതാവാണ് അദ്ദേഹം. നാലയ്യായിരം തൊഴിലാളികൾക്ക് സ്ഥിരമായി ജോലി കിട്ടിക്കൊണ്ടിരുന്നത്, ഇല്ലാതാക്കിയതിന്റെ കാരണക്കാർ ആരാണെന്നതിനെപ്പറ്റി ശ്രീ. ബഷീറിനെപോലുള്ള തൊഴിലാളി നേതാക്കൻമാർ മറുപടി പറയേണ്ടതാണ്. അവിടെ ആ മാനേജുമെന്റിന് വ്യവസായം നടത്തിക്കൊണ്ടു പോകാൻ പ്രതിബന്ധമായ രീതിയിൽ തൊഴിലാളി നേതാക്കൻമാർ നിൽക്കുകയാണോ? കടുംപിടിത്തം നടത്തുകയാണോ? മാനേജ്മെന്റ് സർക്കാരുമായി വിലപേശി കുറഞ്ഞവിലയ്ക്ക് റാ മെറ്റീരിയൽസ് കിട്ടുന്നതിനു ശ്രമിക്കുന്നതിന് കൂട്ടുനിൽക്കുന്നത് ബഷീറിനെപ്പോലുള്ള തൊഴിലാളി നേതാക്കൻമാരാണോയെന്ന് അറിയാനുള്ള വ്യഗ്രത ഞങ്ങൾക്കുണ്ട്. ആ തരത്തിലുള്ള ഒരു സമീപനം ശ്രീ. ടി. എസ്. ജോണും, ശ്രീ. എ. സി. ജോസും സ്വീകരിച്ചതിൽ എനിക്ക് ഖേദമുണ്ട് സർ.

എനിക്ക് മറ്റൊരു വസ്തുതകൂടി പറയാനുണ്ട്. ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി ഇവിടെ ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിച്ച കാര്യമാണത്. അദ്ദേഹം പറഞ്ഞത് കേരളത്തിലെ തൊഴിൽ രംഗമാകെ സ്വച്ഛന്ദവും ഭദ്രവും സമാധാനപരവുമാണെന്നാണ്. ശരിയാണ് സർ. മാവൂർ റയോൺസിലെ നാലയ്യായിരം സ്ഥിരം തൊഴിലാളികളും അവരെ

LIBRARY ARCHIVES Kerala Legislative Assembly

ആശ്രയിച്ചു കഴിയുന്ന പത്തുപതിനായിരം തൊഴിലാളി കുടുംബങ്ങളും, ഇന്ന് തളർന്നുറങ്ങിയ തറവാടുപോലെയായി കഴിഞ്ഞിരിക്കുന്നു. അതിന്റെ തിക്താനുഭവം ഇന്ന് കോഴിക്കോടു നഗരം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അവിടത്തെ വ്യാപാര—വ്യവസായ മേഖലകളാകെ തകർന്നു കൊണ്ടിരിക്കുകയാണ്. എന്നിട്ടും, നമ്മുടെ തൊഴിൽ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പറയുന്നു നമ്മുടെ തൊഴിൽ മേഖല ശാന്തവും സുഹൃത്തും സമാധാനപരവുമാണെന്ന്.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: സർ, എനിക്ക് ഈ പ്രമേയത്തിന്റെ സ്പിരിട്ടിനോട് പൂർണ്ണമായ യോജിപ്പാണുള്ളത്. അതിനു വോട്ടു ചെയ്യുന്ന കാര്യം ഇതു സംബന്ധിച്ച് മന്ത്രി പറയുന്ന മറുപടി എങ്ങനെയെന്നതിനെ ആശ്രയിച്ച് അപ്പോഴേ ചെയ്യാം. ഇവിടെ ഇങ്ങനെ ഒരു പ്രമേയം ക�ൊണ്ടുവന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഇസ്മയിലിന്റെയോ പ്രതിപക്ഷ പാർട്ടിയിലെ മറ്റാരുടെയോ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ആ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ ഗവൺമെന്റിനുള്ള പ്രയാസമെന്താണെന്നു പറഞ്ഞാൽ അത് നമുക്ക് മനസ്സിലാക്കാം. അതേ സമയത്ത് ഗ്വാളിയർ റയോൺസിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് ഉത്തരവാദി അവിടത്തെ തൊഴിലാളി യൂണിയനുകളുടെ സമീപനമാണെന്നു പറയുന്ന അധമ മനോഭാവത്തോട് ഞാൻ കൂട്ടുചേരുന്നില്ലായെന്നു തറപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഗ്വാളിയർ റയോൺസിലെ തൊഴിലാളി പ്രസ്ഥാനത്തെക്കുറിച്ച് പറയുകയാണെങ്കിൽ, ഇവിടെ എതിർത്തു സംസാരിച്ച എന്റെ സുഹൃത്തുക്കളുടെ യൂണിയനുകളടക്കമുള്ള തൊഴിലാളി പ്രസ്ഥാനങ്ങളുടെ സംയുക്ത സമരസമിതിയുടെ കൺവീനറായി ഒരു കൊല്ലത്തോളം പ്രവർത്തിച്ച ഒരു എളിയ പ്രവർത്തകനെന്നുള്ള നിലയിൽ ഗ്വാളിയർ റയോൺസിലെ തൊഴിലാളികളും ബിർളാ മാനേജ്മെന്റിന്റെ അടിമവേല ചെയ്യുന്നവരല്ലെന്നു തറപ്പിച്ചു പറയാൻ ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. ഇവിടെയിപ്പോൾ കണാരേട്ടനും, മറ്റും, 'പാഷാണ വർക്കി' എന്നൊക്കെ ഞങ്ങളെക്കുറിച്ചു പറഞ്ഞു. അതിനൊക്കെ മറുപടി പറയാൻ എനിക്കറിയാം. പക്ഷേ ഞാൻ പറയുന്നില്ല. കാര്യമെന്താണെന്നുവച്ചാൽ 'ഇങ്ങനെയൊരു ഘട്ടത്തിൽ' നിൽക്കുമ്പോൾ അങ്ങനെയുള്ള രണ്ടു കുത്തുവാക്കുകളെങ്കിലും കേട്ട് മനസ്സിന്റെ സങ്കടം, അൽപ്പം, ലഘൂകരിക്കുന്നതിന് ശ്രമിക്കുകയാണ് ഞാൻ. അതുകൊണ്ടാണ് മറുപടി പറയാത്തത്. ഗവൺമെന്റ് ഇക്കാര്യത്തിൽ കുറച്ചുകൂടി ഉത്തരവാദിത്വം കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഗ്വാളിയർ റയോൺസിലെ തൊഴിലാളി പ്രശ്നം പോലെതന്നെ ആ വ്യവസായത്തിനും ചില പ്രശ്നങ്ങളുണ്ട്. അവിടെ റാ മെറ്റീരിയൽസിന് ഒരു വില തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് പറയുന്ന വില അവർ കൊടുത്തുകൊള്ളണമെന്നുള്ള വരട്ടുതത്വവാദമൊക്കെ പറഞ്ഞിട്ട് നാലയ്യായിരം തൊഴിലാളികളെ കുത്തുപാളയെടുപ്പിക്കുന്ന നയം എടുക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ആ വ്യവസായത്തിൽ എന്താണു പ്രശ്നമുള്ളതെന്നുവച്ചാൽ അത് പഠിക്കണം.

ശ്രീ. ഇ. പത്മനാഭൻ: സർ, റാ മെറ്റീരിയൽസ് പ്രശ്നവും തൊഴിൽപ്രശ്നവുമായി കൂട്ടിക്കുഴക്കുന്നത് ശരിയല്ല എന്ന ആ നിലപാട് കേരള ഗവൺമെന്റ് എടുത്തതിന്റെ ഫലമായിട്ടല്ലേ ഈ ചർച്ച ഒരിഞ്ചുപോലും മുന്നോട്ടു നീങ്ങാതെ പോകുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ചർച്ച മുന്നോട്ടു പോകാത്തതിനു പല കാരണങ്ങളുമുണ്ട്. ഞാൻ പറയുന്നതെന്താണെന്നുവച്ചാൽ റാ മെറ്റീരിയൽസിന് അവർക്ക് എന്തെങ്കിലും പ്രശ്നമുണ്ടോയെന്നു നോക്കണം. അതു പഠിക്കണം. മാനേജുമെന്റ് പറയുന്നത് കള്ളക്കണക്കാണോയെന്നു നോക്കി പരിശോധിക്കണം. കള്ളക്കണക്കാണെങ്കിൽ ആ വ്യവസായം എക്കണോമിക്കലായിട്ട് നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമുള്ള കാര്യങ്ങളും ചർച്ച ചെയ്യണം. അതല്ലാതെ പുസ്തകത്തിൽ എഴുതി വച്ചിട്ട് അതുപ്രകാരം ഇതു നടന്നോട്ടെയെന്നു വിചാരിച്ചാലൊന്നും കാര്യം നടക്കുകയില്ല. അതിനെക്കുറിച്ചൊന്നും ഞാൻ വിശദീകരിക്കുന്നില്ല. എത്രയോ പ്രാവശ്യം ഈ സഭയിൽ പറഞ്ഞതാണിത്. രണ്ടു തൊഴിലാളികളും ആത്മഹത്യ ചെയ്തു. ശ്മശാനമൂകതയാണ് അവിടെ. എൽ.ഐ.സി. പോളിസി സറണ്ടർ ചെയ്തു, എൻ.എസ്.എസ്സിൽ തൊഴിലാളികൾക്ക് ഒപ്പസ കിട്ടാനില്ല. പ്രോവിഡന്റ് ഫണ്ടിൽനിന്നു ലോണെടുത്തിട്ടും മിന്നുതാലിയടക്കം പൊട്ടിച്ചു വിറ്റിട്ടുമാണ് ആളുകൾ അരി വാങ്ങുന്നത്. ആ കഷ്ടത്തെക്കുറിച്ച് നിങ്ങൾ പറയുന്ന സമയത്ത് നിങ്ങളോട് എതിർത്ത് എനിക്കൊന്നും പറയാനില്ല.

ശ്രീ. ടി. എസ്. ജോൺ: ലോറസ്റ്റായിട്ട് നഷ്ടമുള്ള ഒരു ഫാക്ടറിയാണത്. അങ്ങനെ നഷ്ടമുള്ള ഒരു ഫാക്ടറിയിൽ 40 ശതമാനത്തിൽ കൂടുതൽ ബോണസ് തൊഴിലാളി യൂണിയൻ നേതാക്കൻമാർ ചോദിച്ചത് ശരിയാണെന്ന് നിങ്ങൾക്കഭിപ്രായമുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഇത് മഹാകഷ്ടമാണ്. ഒന്നുകിൽ അവിടെ എന്താണ് നടക്കുന്നതെന്നുള്ള വിവരമുണ്ടാകണം, അതല്ലെങ്കിൽ വെറുതെ ഒന്നും പറയരുത്. അവിടെ തൊഴിലാളികൾ 40 ശതമാനം ബോണസ് ചോദിച്ചുവെന്ന്! ഇത്തരം സമീപനങ്ങളാണ് ശരിയായിട്ട് മുതലാളിമാർക്ക് കുഴലൂതുന്ന നടപടിയെന്ന് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. തൊഴിലാളികളോട് വേറെ വല്ല പകയുണ്ടെങ്കിൽ, അല്ലെങ്കിൽ ഏതെങ്കിലും പാർട്ടിക്ക് അവിടെ യൂണിയനുണ്ടെങ്കിൽ അതിന് വേറെ വല്ല വർത്തമാനവും പറയുകയല്ലാതെ എന്തിനാണ് ഈ നാണക്കേടു പറയുന്നതെന്നാണ് ഞാൻ ചോദിക്കുന്നത്. എനിക്കു പറയാനുള്ളത് ഞാൻ വ്യക്തമാക്കാം. ഞങ്ങളെ സംബന്ധിച്ചിടത്തോളം, ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ആര് എന്ത് ആക്ഷേപിച്ചാലും ശരി ഞങ്ങൾ ഈ പ്രശ്നത്തിൽ സത്യസന്ധമായ ഒരു നിലപാട് എടുത്തിട്ടുണ്ട്. ഇതിൽ ഗവൺമെന്റിന്റെ സഹകരണവും പ്രതിപക്ഷത്തിന്റെ സഹകരണവും വേണം. ഒരു കാര്യം ഞാൻ ചോദിക്കുകയാണ്. ഇനി ഇപ്പോഴെങ്കിലും റാ മെറ്റീരിയൽസിന്റെ കാര്യത്തിൽ ഗവൺമെന്റ് ഒരു തീരുമാനമെടുക്കുമ്പോൾ മുതലാളിക്ക് സഹായകരമായ ഒരു നിലപാട് പ്രതിപക്ഷവും എടുക്കരുത്. ഭരണപക്ഷമായിരുന്നാലും ശരി പ്രതിപക്ഷമായിരുന്നാലും ശരി ഇക്കാര്യത്തിൽ ഒരു തീരുമാനമെടുത്ത് പട്ടിണികിടന്നു മരിക്കുന്ന തൊഴിലാളികളെ രക്ഷിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ഈ പ്രമേയത്തോട് ഞാൻ യോജിക്കുകയാണ്. ഇൻഡ്യാ മഹാരാജ്യത്തിന്റെ വ്യാവസായിക നയം നിശ്ചയിക്കുന്നതിനു നേതൃത്വം കൊടുക്കുന്ന കുത്തക വ്യവസായികളിൽ ഒരാളാണ് ഇതിന്റെ മാനേജ്മെന്റ്. അങ്ങനെയുള്ള മാനേജ്മെന്റിനു ബഹുമാനപ്പെട്ട ബഷീറിന്റെ ഭാഷയിൽ പറഞ്ഞാൽ കുഴലൂത്ത് നടത്തുന്ന നേതാക്കൻമാരാണ് ഇന്ന് ഭരണത്തിൽ

12 NOON]



LIBRARY ARCHIVES Kerala Legislative Assembly

ഉള്ള പല നേതാക്കളും. അങ്ങനെയുള്ള സാഹചര്യത്തിലാണ് ഈ പ്രമേയം പരിഗണനക്ക് എടുത്തിട്ടുള്ളത്". തൊഴിലാളികളോട് എന്ത് നയമാണ് ഈ സർക്കാരിനുള്ളതെന്ന് ബഹുമാനപ്പെട്ട എ. സി. ജോസിനേയും ശ്രീ. ടി. എസ്. ജോണിനേയും പ്രസംഗത്തിൽനിന്ന് വളരെ വ്യക്തമാണ്. തൊഴിലാളികൾക്ക് എതിരായിട്ടുള്ള നിലപാട് സ്വീകരിക്കുന്ന ഒരു സർക്കാരിന്റെ വക്താവ് എന്നുള്ള നിലയിൽ ബഹുമാനപ്പെട്ട തൊഴിൽ കാര്യമന്ത്രി ഈ സഭയിൽ നടത്തിയിട്ടുള്ള പ്രസ്താവനകളും ഈ സഭയിലെ രണ്ടുപക്ഷത്തുനിന്നും ഉള്ള പ്രസ്താവനകളും കേട്ടപ്പോൾ ഈ രാജ്യത്തെ തൊഴിൽ രംഗം എന്തുമാത്രം ശോചനീയമായ നിലയിലേക്ക് പോകുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കും. ഏതാനും തൊഴിലാളികളുടെ മരണത്തിന് ഇടയാക്കിയ സമരത്തിൽ തൊഴിലാളികളോട് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കുന്നതിനുപകരം മുതലാളിമാർക്കുവേണ്ടി നിലനിൽക്കുന്ന ഒരു സർക്കാരാണ് ഈ രാജ്യത്തുള്ളതെന്നുള്ളതുതന്നെ ലജ്ജാവഹമാണ്. ഈ സർക്കാർ അടിയന്തിരമായി ഈ സമരം അവസാനിപ്പിക്കണം. അതുപോലെതന്നെ തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കണം. അതിനുവേണ്ടി ഈ പ്രമേയം പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാനി പ്രമേയത്തെ അനുകൂലിക്കുന്നു. ബഷീറിന്റെ വികാരത്തോട് ഞാൻ ഐക്യപ്പെടുന്നു. കേരളത്തിലെ വ്യവസായ മേഖല തകർന്നുകൊണ്ടിരിക്കുകയാണ്. വ്യവസായ സമാധാനത്തിന്റെ മുഖച്ഛായയാണ് മാവൂർ റയോൺസ്. പതിനായിരത്തോളം വരുന്ന തൊഴിലാളികൾ ഇന്നു മുഴുപ്പട്ടിണിയിലാണ്. കുത്തകകൾക്ക് ഈ സർക്കാർ കൂട്ടുനിൽക്കുന്നതിന്റെ ഉദാഹരണമാണിത്. എ. സി. ജോസും ടി. എസ്. ജോണും ബിർളക്കുവേണ്ടിയാണിവിടെ വാദിച്ചത്. കോഴിക്കോട് ജില്ല മുഴുവൻ സാമ്പത്തിക പ്രതിസന്ധിയിലാണ്. കോഴിക്കോട് നഗരത്തിൽ മാത്രം വ്യാപാരികൾക്ക് പ്രതിമാസം ഒരു കോടി രൂപയുടെ നഷ്ടം സംഭവിക്കുന്നുണ്ട്. സർക്കാരിന്റെ ഖജനാവിന് ഭീമമായ നഷ്ടമാണുള്ളത്. കൂടുതൽ പട്ടിണി മരണങ്ങൾ ഉണ്ടാകാതിരിക്കാൻ ഈ ഫാക്ടറി ഉടൻ സർക്കാർ ഏറ്റെടുക്കണം.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരും സൂചിപ്പിച്ചതുപോലെ നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം അത്യന്തം ഉത്കണ്ഠാജനകമായ ഒരു സാഹചര്യമാണ് അവിടെ നിലവിലുള്ളത്. രണ്ടുപക്ഷത്തുനിന്നുമുള്ള ആളുകൾ ഇവിടെ പ്രസംഗിച്ചപ്പോൾ മിക്കവാറും എല്ലാ വശങ്ങളും ഇവിടെ പ്രകാശിപ്പിക്കപ്പെടുകയുണ്ടായി, എല്ലാ പ്രശ്നങ്ങളും അവതരിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് ഇതിനാവശ്യമായ രീതിയിൽ ഇടപെടുന്നില്ലെന്നും കൺസീലിയേഷൻ നടത്തിയില്ലെന്നും വളരെ ചിലയാളുകൾ പറയുകയുണ്ടായി. അത് ശരിയല്ല. അതിന്റെ ഡി. എൽ. ഒ. ലവലിൽ, ലേബർ കമ്മീഷണർ വരെയുള്ള ഓഫീസർ ലവലിൽ എന്റെ ലവലിൽ മുഖ്യമന്ത്രിയുടെ ലവലിൽ ഞാനും മുഖ്യമന്ത്രിയും ഡെപ്യൂട്ടി മുഖ്യമന്ത്രിയും വ്യവസായ മന്ത്രിയും ഉൾപ്പെടെയുള്ള എല്ലാവരും കൂടി തന്നെ ആറേഴ് കോൺഫറൻസുകൾ ഇതിനകം നടത്തിയിട്ടുണ്ട്. ശ്രീ. ബഷീർ ഒഴിച്ച് എല്ലാ കോൺഫറൻസുകളിലും പങ്കെടുത്തവരാണ് ഇവിടെയിരിക്കുന്നത്. ഇവരെ രണ്ടു കൂട്ടരേയും ഒരുമിച്ചും പ്രത്യേകം പ്രത്യേകമായും ഞാനും മുഖ്യമന്ത്രിയുമെല്ലാം കോൺഫറൻസുകൾ നടത്തിയിട്ടുള്ളതാണ്. ഇനി ഗവൺമെന്റിന് എന്തു ചെയ്യാൻ കഴിയും എന്നുള്ളതിനെപ്പറ്റി പല

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളും പറഞ്ഞു. യഥാർത്ഥത്തിൽ ഇതൊരു ബോണസ് തർക്കവും കൂടെ ആളുകളെ കൺഫേം ചെയ്യുന്നതിന്റെയും ലോങ്ങ് ടേം സെറ്റിൽമെന്റിന്റെയും പ്രശ്നമാണ്. ആളുകളെ കൺഫേം ചെയ്യുന്നതിനെ സംബന്ധിച്ച് നേരത്തെ ഒരു തർക്കമുണ്ടായിരുന്നു. റിസർവ്വ് വർക്കേഴ്സിനെ എടുക്കാൻ കഴിയുകയില്ലെന്ന് ഇതിന്റെ മാനേജ്മെന്റ് നേരത്തെ തന്നെ തർക്കം ഉന്നയിക്കുകയും അതിനെത്തുടർന്ന് പണിമുടക്കുണ്ടാവുകയും ചെയ്തതാണ്. ആ പണിമുടക്കിൽ ഗവൺമെന്റ് വളരെ നിർബന്ധിപ്പിച്ച് റിസർവ്വ് വർക്കേഴ്സിന് 13 ദിവസത്തെ ജോലി കൊടുക്കണമെന്നും മാനേജ്മെന്റിനെ നിർബന്ധിപ്പിച്ച് ഒരു സെറ്റിൽമെന്റ് ഉണ്ടാക്കുകയുണ്ടായി. അതിൽ യൂണിയൻ നേതാക്കൻമാരെല്ലാം ഒപ്പുവച്ചിട്ടുണ്ട്. അതിലെ ഒരു വ്യവസ്ഥ ഇങ്ങനെ കൊടുക്കുന്നതോടൊപ്പം "ദി അവയിലബിലിറ്റി ഓഫ് റാ-മെറ്റീരിയൽസ്" എത്രയുണ്ടെന്ന് ഗവൺമെന്റ് ഒരു കമ്മിറ്റിയെ വച്ച് പഠിക്കാമെന്നും അതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ തൊഴിൽ ലഭ്യത എങ്ങനെ അഡ്ജസ്റ്റ് ചെയ്യണം, എങ്ങനെ കൊടുക്കണം എന്നുള്ളതിനെപ്പറ്റിയും പഠിക്കാം എന്നും വ്യവസ്ഥയുമുണ്ടായിരുന്നു. അത് മാനേജ്മെന്റ് പ്രസ് ചെയ്യുകയാണ്. അങ്ങനെ പ്രസ് ചെയ്താൽ ഉണ്ടാകുന്ന ഫലമെന്താണെന്ന് ട്രേഡ് യൂണിയൻ നേതാക്കൻമാർക്കറിയാം. അതുകൊണ്ട് അങ്ങനെയൊരു വൈഷമ്യമുണ്ട്. ഇതാരുടെ സെറ്റിൽമെന്റാണ്. അങ്ങനെയിരിക്കെയാണ് 13 പേരെ പിരിച്ചു വിടണമെന്നു പറഞ്ഞത്. അവയിലബിലിറ്റി ഓഫ് റാ-മെറ്റീരിയൽസ് വന്നപ്പോൾ വാസ്തവത്തിൽ തൊഴിൽ കൊടുക്കാൻ നിവൃത്തിയില്ല, കൂടെ ആളുകളെ പിരിച്ചുവിടാതെ നിവൃത്തിയില്ലെന്നവർ പറഞ്ഞുകൊണ്ടിരിക്കെ പുതിയ പുതിയ യൂണിയനുകൾ ഉണ്ടാക്കുകയും ആ യൂണിയനുകളുടെ നേതൃത്വത്തിൽ അവരെ മുഴുവൻ കൺഫേം ചെയ്യണം എന്ന ഒരു അഡീഷണൽ ബർഡൻ മാനേജ്മെന്റിന്റെ പുറത്ത് വന്നിരിക്കുകയുമാണ്. അങ്ങനെ കമ്പനിയുടെ പുറത്ത് ഒരു ഡിമാന്റ് കൂടി വരുകയും ചെയ്തു. ഒരു യൂണിയൻ വന്നാൽ സ്വാഭാവികമായി ട്രേഡ് യൂണിയൻ പ്രതിനിധിക്ക് അത് നിഷേധിക്കാൻ പറ്റുകയില്ല. കൺസിലിയേഷൻ ഗൗരവമായി നടന്നു. നിയമപരമായി എന്തു ചെയ്യാം, ഗവൺമെന്റിന് എന്തു പ്രസ് ചെയ്യാൻ സാധിക്കും എന്നുള്ളതാണ് പ്രശ്നം. ഈ കമ്പനി പൂട്ടിക്കിടക്കുന്നതിൽ ഇവിടെ വലിയ ഉൽക്കണ്ഠ.....
കാണിക്കുന്നല്ലോ. ഗവൺമെന്റിനുള്ള അധികാരം ഉപയോഗിച്ച് പേർളായെക്കൊണ്ട്, മാനേജ്മെന്റിനെക്കൊണ്ട് ഒരൊഴുപ്പയ്ക്കുള്ളിൽ ഇത് തുപ്പിക്കാൻ കഴിയും. പക്ഷേ അങ്ങനെ ഗവൺമെന്റ് എടുക്കുന്ന തീരുമാനം ട്രേഡ് യൂണിയനുകൾക്ക് സ്വീകാര്യമാണോ എന്നുള്ളതാണ് പ്രശ്നം. ഇതൊരു ബോണസ് സിസ്റ്റത്തിന്റെ പ്രശ്നമാണ്. ലോങ്ങ് ടേം സെറ്റിൽമെന്റിന്റെ പ്രശ്നമാണ്. ബോണസ് സിസ്റ്റത്തിന്റെ പ്രശ്നമാണെങ്കിൽ അഡ്ജുഡിക്കേഷനു വിടാം. നിയമപരമായിട്ടുള്ള കാര്യങ്ങൾ തീരുമാനിക്കാൻ മാത്രമേ ഒരു ഗവൺമെന്റിന് അവകാശമുള്ളു. മാനേജ്മെന്റ് കമ്പനി തുറക്കുന്നില്ലെങ്കിൽ സെക്ഷൻ 10 (ബി) അനുസരിച്ച് തൊഴിലാളികൾക്ക് ജോലി കൊടുത്തുകൊള്ളണമെന്ന് ഇന്ന് ഗവൺമെന്റ് ഉത്തരവിടാൻ തയ്യാറാണ്. ഇതിന്റെ മുന്നോടിയായി ഈ വിഷയത്തിൽ ബോണസ് പ്രശ്നം അഡ്ജുഡിക്കേഷനു വിട്ട് ഗവൺമെന്റ് തീരുമാനമെടുത്തു. അങ്ങനെ തീരുമാനമെടുത്തപ്പോൾ ട്രേഡ് യൂണിയനുകൾ അത് തൊഴിലാളികളുടെ ബാർഗെയിനിംഗ് സ്ട്രെങ്ത്തിനും സ്ട്രൈക്കിനും എതിരാണെന്നു പറഞ്ഞ് ഗവൺമെന്റിന് നിവേദനം നടത്തിയതിന്റെ ഫലമായി ഒരു പ്രൊ-ലേബർ ഗവൺമെന്റ് എന്നുള്ള നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

അസാധാരണ നടപടിയായി, ഒരു ഗസറ്റ് നോട്ടിഫിക്കേഷൻ മൂലം ആ ഓർഡർ ബോണസ് പ്രശ്നം അഡ്ജുഡിക്കേഷനു റഫർ ചെയ്തത് കൺസൽ ചെയ്യുകയാണുണ്ടായത്. അന്നു ഗവൺമെന്റ് ഉദ്ദേശിച്ചിരുന്നത് 10 (ബി) ഉപയോഗിച്ച് മാനേജ്മെന്റിനു ഓർഡർ കൊടുത്ത് ഇത് തുറപ്പിക്കുക എന്നുള്ളതായിരുന്നു. പക്ഷേ.....

ശ്രീ. എ. സി. ഷൺമുഖദാസ്: ഈ പ്രമേയം അതല്ല. ഇതേറെടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. കെ. ശിവദാസൻ: ഗവൺമെന്റിനു എന്തു ചെയ്യാൻ കഴിയും. ഗവൺമെന്റിനു ചെയ്യാൻ കഴിയുന്നതൊക്കെ മാക്സിമം ചെയ്തിട്ടുണ്ട്. അപ്പുറത്തിരിക്കുന്നവരും എല്ലാം ഭരിച്ചിട്ടുള്ളവരാണ്. ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് ഗവൺമെന്റിനു ചെയ്യാൻ കഴിയുന്നത് ഓർഡർ കൊടുക്കും അതനുസരിച്ച് ചെയ്തില്ലെങ്കിൽ ആറു മാസം വരെ ശിക്ഷിക്കാവുന്ന ഒരു വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ അനുസരിച്ച് കേസ് കൊടുക്കാം. അതിന് ഇന്നു ഗവൺമെന്റ് തയ്യാറാണ്. ട്രേഡ് യൂണിയൻ പ്രവർത്തകർ അതുകൊണ്ട് തൃപ്തരല്ലാതിരുന്നതുകൊണ്ട് അവർക്കുകൂടി സ്വീകാര്യമായ ഒരു തീരുമാനത്തിനു വേണ്ടി ഗവൺമെന്റ് നെഗോഷ്യേറ്റ് ചെയ്തിരിക്കുകയാണ്. ഇവിടെ മുഖ്യമന്ത്രിയും ഡെപ്യൂട്ടി മുഖ്യമന്ത്രിയും വ്യവസായ മന്ത്രിയും ഞാനും അടക്കം ഏഴുപ്രാവശ്യം കോൺഫറൻസുകൾ നടത്തുകയും മുഖ്യമന്ത്രി ഡൽഹിയിൽപോയി ബിർളയുമായും ബിർളയുടെ പ്രധാനപ്പെട്ട ആളുകളുമായി സംസാരിക്കുകയും ടേംസ് ഉണ്ടാക്കുകയും ചെയ്തു. നിയമപരമായ അധികാരം ഉപയോഗിച്ച് നടപടികൾ സ്വീകരിക്കുമ്പോൾ ട്രേഡ് യൂണിയനുകൾ സമ്മതിക്കാതിരിക്കും. ഒരു ഗവൺമെന്റിനു ഇതിൽ കൂടുതൽ എന്താണ് ചെയ്യാൻ കഴിയുന്നത്? ഇങ്ങനെ ഫാക്ടറികൾ ഏറ്റെടുക്കുന്നത് ഒരു നയമായി സ്വീകരിക്കാമോ? ഏറ്റെടുക്കുന്നതുകൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കുമോ? ഇവിടെ ശ്രീ. പങ്കജാക്ഷൻ പറഞ്ഞതുപോലെ ബഷീർ എല്ലാം അറിയാവുന്ന സമുന്നതനായ ഒരു തൊഴിലാളി നേതാവാണ്. അദ്ദേഹം തന്നെ ഇന്നും ഇതിനു മുമ്പും പ്രസംഗിച്ചപ്പോൾ പറഞ്ഞതുപോലെ ഇത് മെറും ഒരു തൊഴിൽപ്രശ്നം മാത്രമല്ല. അവിടെ റാ-മെറ്റീരിയൽസിന്റെ ലഭ്യതയുടെ പ്രശ്നമുണ്ട്. അതിന്റെ വിലയുടെ പ്രശ്നമുണ്ട്. അതിന് ഹൈക്കോടതിയിലേയും സുപ്രീം കോടതിയിലേയും ജഡ്ജ്മെന്റിന്റെ പ്രശ്നമുണ്ട്. രാജ്യത്താൽപ്പര്യത്തിന്റെ പ്രശ്നമുണ്ട്. ഫൈനാൻസിന്റെ പ്രശ്നമുണ്ട്. അങ്ങനെയുള്ള പ്രശ്നങ്ങളൊക്കെ കണക്കിലെടുത്തുവേണം പരിഹാരം കാണേണ്ടത്. അതിനെപ്പറ്റി ഉൽക്കണ്ഠയുള്ളതുകൊണ്ട് കഴിഞ്ഞ ഒരാഴ്ചയായി ഗവൺമെന്റ് ഇവരുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയും വ്യവസായ മന്ത്രിയും ലേബർ മിനിസ്റ്റർ എന്ന നിലയിൽ ഞാനും ഉൾപ്പെടെയുള്ള കോൺഫറൻസ് ഇന്നു വൈകുന്നേരം നാലു മണിക്ക് വച്ചിട്ടുണ്ട്. അതുകൊണ്ട് ഗവൺമെന്റിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് കമ്പനി തുറക്കുന്നതിന് ട്രേഡ് യൂണിയനുകൾ തയ്യാറാണെങ്കിൽ ഈ ആഴ്ചയിൽത്തന്നെ തുറപ്പിക്കാനുള്ള ഡയറക്ഷൻ കൊടുക്കാനും ഗവൺമെന്റ് തയ്യാറാണ്. അനുരഞ്ജനം മൂലമാണെങ്കിൽ ഇന്നു നാലുമണിക്ക് ഞങ്ങൾ കോൺഫറൻസ് വച്ചിരിക്കുകയാണ്. അനുരഞ്ജന ശ്രമം നടന്നുകൊണ്ടിരിക്കുന്ന സമയത്ത് ഈ പ്രമേയത്തിന് ആസ്പദമായി ഏറ്റെടുക്കൽ സംഗതമല്ലെന്നു പറയാൻ മാത്രമേ ഗവൺമെന്റിനു അവകാശമുള്ളൂ. അനുരഞ്ജനം പരിപൂർണ്ണമായി പരാജയപ്പെടുന്ന സന്ദർഭത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഒരു എക്സ്ട്രീം സ്റ്റെപ്പായിട്ടുള്ള ദേശസാൽക്കരണം മുതലായിട്ടുള്ള നടപടികളുടെ പ്രശ്നം ഉദിക്കുന്നുള്ളു. അനുരഞ്ജന ശ്രമം ഇന്നും നടന്നുകൊണ്ടിരിക്കുകയാണ്. അത് വിജയിക്കുമെന്നുതന്നെയാണ് ഗവൺമെൻറിന്റെ പ്രതീക്ഷ. ഈ സന്ദർഭത്തിൽ ഈ പ്രമേയം പാസ്സാക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് ഈ പ്രമേയം പിൻവലിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ എന്നെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ഇതുവരെ ആ തൊഴിലാളികളുടെ വിഷമസ്ഥിതി ആലോചിച്ചിട്ട് ഒന്നും പറയാതിരിക്കുകയാണ് ചെയ്തത്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്നോട് ഇടപെടണമെന്ന് യൂണിയന്റെ നേതാക്കൻമാർ ആവശ്യപ്പെട്ടു. ശ്രീ. ബഷീർ അതിനു സാക്ഷിയാണ്. അവർ പറഞ്ഞു മാനേജുമെൻറിന്റെ നയത്തിൽ മാറ്റം വന്നിട്ടുണ്ട്, ആദിത്യ ബിർള എന്നു പറയുന്ന ഒരാളാണ് ഇപ്പോൾ പുതിയ ചെയർമാനായി വന്നിട്ടുള്ളത്, അദ്ദേഹത്തെ കോൺടാക്റ്റു ചെയ്താൽ മാത്രമേ അതിനൊരു പരിഹാരം ഉണ്ടാകൂ എന്നു പറഞ്ഞു. അയാളുടെ ടെലിഫോൺ നമ്പർ തന്നു. ഡൽഹിയിൽവച്ച് ഞാൻ അദ്ദേഹത്തെ കോൺടാക്റ്റു ചെയ്തു. ഞാൻ പറഞ്ഞു, നിങ്ങൾ ഈ ബോണസ് ആക്ടിന്റെ പരിധിയിൽ നിൽക്കണമെന്നുള്ള നിലപാട് സ്വീകരിക്കരുത്, അത് സ്വീകരിക്കുന്നത് ശരിയല്ല, കേരളത്തിൽ അതിനേറ്റായ ചില കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളുമൊക്കെ ഉണ്ടെന്ന് പറഞ്ഞു. ഒരടിക്ക് അത് ബോണസ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതു ശരിയല്ല. അദ്ദേഹം പറഞ്ഞു. അതിനെന്തു ചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് അറിയിക്കാം. പടിപടിയായി അക്കാര്യത്തിൽ വേണ്ടതു ചെയ്യാമെന്നു പറഞ്ഞു.

അതു കഴിഞ്ഞ് ഞാൻ ഇവിടെ വന്നതിനുശേഷം കോൺഫറൻസിനു വിളിച്ചു. അവിടെയുള്ള യൂണിയനുകളെ അതിനെ എതിർത്തു. കോൺഫറൻസിനു വിളിച്ചിരുന്നതിന്റെ തലേ ദിവസമാണ് പണിമുടക്കിയത്. പണി മുടക്കിയില്ലായിരുന്നുവെങ്കിൽ മാനേജുമെൻറിനെക്കൊണ്ട് ഒരു പരിധി വരെ ശമ്പളം കൊടുപ്പിക്കാമായിരുന്നു. എന്നിട്ടിപ്പോൾ ഇതെല്ലാം കഴിഞ്ഞ്, അരിയും തിന്ന് ആശാരിയേയും കടിച്ച് പിന്നെയും പട്ടിക്ക് മുറുമുറുപ്പ് എന്നു പറയും പോലെ ഞങ്ങളുടെ പേരിൽ വേണോ ഈ കുറ്റപത്രം? ഇനിയും ഈ ഗവൺമെൻറിനെക്കൊണ്ടു കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യാൻ ഗവൺമെൻറ് തയ്യാറാണ്. അതിനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യും. ഇക്കാര്യത്തിൽ ആർക്കും സംശയം വേണ്ട.

ശ്രീ. കെ. പി. രാമൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ടി. കുമാരൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ടി. കണാരൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. സി. കെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ലോനപ്പൻ നമ്പാടൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. കെ. ഇ. ഇസ്മയിൽ അങ്ങയുടെ 2-ാം നമ്പർ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ഇ. ഇസ്മയിൽ: യെസ്.

ശ്രീ. കെ. ഇ. ഇസ്മയിൽ അവതരിപ്പിച്ച പ്രമേയം പാസ്സാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ പോയ് ആവശ്യപ്പെടുന്നു.

(താഴെ കാണും പ്രകാരം സഭ വേർതിരിഞ്ഞ് വോട്ടെടുപ്പ് നടത്തുകയുണ്ടായി)

അനുകൂലിക്കുന്നവർ—50

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, കെ. കെ. ബാലകൃഷ്ണൻ
5. ,, കോടിയേരി ബാലകൃഷ്ണൻ
6. ,, ഒ. ഭരതൻ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ
9. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
10. ,, വി.എസ്. ചന്ദ്രശേഖരൻപിള്ള
11. ,, സിറിയക് ജോൺ
12. ശ്രീമതി പി. ദേവൂട്ടി
13. ശ്രീ. കെ. ജെ. ജോർജ്ജ്
14. ശ്രീമതി കെ. ആർ. ഗൗരി
15. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
16. ,, ടി. കെ. ഹംസ
17. ,, കെ. ഇ. ഇസ്മയിൽ
18. ,, എം. ജിനദേവൻ
19. ,, വി. സി. കബീർ
20. ,, കെ. ടി. കണാരൻ
21. ,, എം. കെ. കേശവൻ
22. ,, വി. കേശവൻ
23. ,, സി. ടി. കൃഷ്ണൻ
24. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
25. ,, കെ. ടി. കുമാരൻ
26. ,, പി. കുമാരൻ
27. ,, പി. വി. കുഞ്ഞിക്കണ്ണൻ
28. ,, ലോനപ്പൻ നമ്പാടൻ
29. ,, സി. പി. മൂസ്സാൻകുട്ടി
30. ,, കെ. മൂസ്സക്കുട്ടി
31. ,, എ. കെ. പത്മനാഭൻ
32. ,, ഇ. പത്മനാഭൻ
33. ,, കെ. പങ്കജാക്ഷൻ
34. ,, ടി. പി. പീതാംബരൻ മാസ്റ്റർ
35. ,, കെ. പി. പ്രഭാകരൻ
36. ,, കെ. പുരുഷോത്തമൻ

LIBRARY ARCHIVES Kerala Legislative Assembly

37. ശ്രീമതി റേച്ചൽ സക്കറിയ പനവേലി
38. ശ്രീ. വർക്കല രാധാകൃഷ്ണൻ
39. ,, വി. കെ. രാജൻ
40. ,, കാനം രാജേന്ദ്രൻ
41. ,, കെ. ശങ്കരനാരായണപിള്ള
42. ,, എ. സി. ഷൺമുഖദാസ്
43. ഡോക്ടർ എ. സുബ്ബറാവു
44. ശ്രീ. സി. കെ. തങ്കപ്പൻ
45. ,, വി. ജെ. തങ്കപ്പൻ
46. ,, എസ്. ആർ. തങ്കരാജ്
47. ,, പി.സി. തോമസ് (കടുത്തുരുത്തി)
48. ,, ആർ. എസ്. ഉണ്ണി
49. ,, ജി. വാഴൻ
50. ,, പി. വിജയദാസ്

പ്രതികൂലിക്കുന്നവർ — 50

1. ശ്രീ. വി. എം. അബൂബേക്കർ
2. ,, കൊറ്റുപുയിൽ അഹമ്മദ് ഹാജി
3. ,, സി. ടി. അഹമ്മദ് അലി
4. ,, കെ. അവുക്കാദർകുട്ടിനഹ
5. ,, ആർ. ബാലകൃഷ്ണപിള്ള
6. ,, പി. കെ. കെ. ബാവ
7. ,, ബെന്നി ബഹനാൻ
8. ,, പി. ഭാസ്കരൻ
9. ,, വി. ദിനകരൻ
10. ,, എം. പി. ഗംഗാധരൻ
11. ,, എ. ജോർജ്ജ്
12. ,, പി. സി. ജോർജ്ജ്
13. ,, എം. എം. ഹസ്സൻ
14. ,, ടി. എം ജേക്കബ്
15. ,, സി. ജി. ജനാർദ്ദനൻ
16. ,, ടി. എസ്. ജോൺ
17. ,, എ. സി. ജോസ്
18. ,, ജോസ് കുറ്റിയാനി
19. ഡോക്ടർ കെ. സി. ജോസഫ്
20. ശ്രീ. കെ. സി. ജോസഫ്
21. ,, പി. ജെ. ജോസഫ്
22. ,, വി. വി. ജോസഫ്
23. ശ്രീമതി എം. കമല
24. ശ്രീ. ജി. കാർത്തികേയൻ
25. ,, കെ. കരുണാകരൻ
26. ,, മണിമംഗലത്തു കുട്ടായി
27. ,, ഇ. ജെ. ലൂക്കാസ്
28. ,, എം. വി. മാണി
29. ,, ഇ. ടി. മുഹമ്മദ് ബഷീർ
30. ,, പി. എ. മുഹമ്മദ് കുട്ടി
31. ,, കെ. എസ്. നാരായണൻ നമ്പൂതിരി
32. ,, കെ. പി. നൂറുദ്ദീൻ

LIBRARY ARCHIVES Kerala Legislative Assembly

33. ശ്രീ. സി. വി. പത്മരാജൻ
34. ,, തച്ചടി പ്രഭാകരൻ
35. ,, കെ. രാഘവൻമാസ്റ്റർ
36. ,, രാഘവൻ പൊഴക്കടവിൽ
37. ,, എസ്. രാമചന്ദ്രൻപിള്ള
38. ,, കെ. പി. രാമൻ
39. ,, രമേശ് ചെന്നിത്തല
40. ,, തോപ്പിൽ രവി
41. ,, എൻ. ശക്തൻനാടാർ
42. ,, പി. സീതിഹാജി
43. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
44. ,, കടവൂർ ശിവദാസൻ
45. ,, നാലകത്തു സൂപ്പി
46. ,, കെ. കെ. ശ്രീനിവാസൻ
47. ,, എൻ. ശ്രീനിവാസൻ
48. ,, പന്തളം സുധാകരൻ
49. ,, കോട്ടക്കുഴി സുകുമാരൻ
50. ,, സി. എം. സുന്ദരം
51. ,, എൻ. സുന്ദരൻ നാടാർ
52. ,, പി. പി. തങ്കച്ചൻ
53. ,, സി. എഫ്. തോമസ്
54. ,, കെ. കെ. തോമസ്
55. ,, പി. കെ. വേലായുധൻ
56. ,, സ്റ്റീഫൻ പാദുവ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

അനുകൂലിച്ചവർ—50

പ്രതികൂലിച്ചവർ—56

നിഷ്പക്ഷതപാലിച്ചവർ—ആരുമില്ല

ശ്രീ. കെ. ഇ. ഇസ്മയിൽ അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

## (3) നെൽക്കൃഷിയുടെ സംരക്ഷണം

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ എന്റെ താഴെ പറയുന്ന പ്രമേയം സഭയുടെ മുൻപാകെ അവതരിപ്പിക്കുകയാണ്.

"കേരളത്തിലെ ഒരു പ്രധാനകൃഷിയും ജനങ്ങളുടെ ഭക്ഷ്യാവശ്യത്തിന്റെ വലിയൊരു ഭാഗം നിർവഹിക്കുന്നതുമായ നെൽക്കൃഷി നശിച്ചു കൊണ്ടിരിക്കുന്നതിൽ ഈ സഭ ഉത്കണ്ഠ രേഖപ്പെടുത്തുന്നതോടൊപ്പം വർഷങ്ങളായി ആദായകരമല്ലാതായിത്തീർന്ന നെൽക്കൃഷിയുടെ നഷ്ടം താങ്ങാനാവാതെ കൃഷിക്കാർ നെൽവയലുകൾ നികത്തി മറ്റു കൃഷികൾക്കും മറ്റു പല ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്ന പ്രവണതയ്ക്ക് ഒരു പരിഹാരമുണ്ടാക്കുന്നതിനും നെൽക്കൃഷി ആദായകരമായി നിലനിറുത്തുന്നതിനും ജനാർദ്ദനൻനായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉടനടി അംഗീകരിച്ച് നടപ്പിലാക്കണമെന്ന് ഈ സഭ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു."

LIBRARY ARCHIVES Kerala Legislative Assembly